www.malankaralibrary.com

# കൽദായവാദവും
# കേരളസഭയിലെ പ്രതിസന്ധിയും

✻

Publishers

**Syro-Malabar Liturgical Action Committee**

Kanjoor-683 575

Ernakulam Dt.

Kerala

1989

വില 2 രൂപ

www.malankaralibrary.com

# ഉള്ളടക്കം

ആമുഖം

1 അല്പം ചരിത്രം

2 കൽദായഭരണം

3 പോർട്ടുഗീസ് ഭരണം

4 കൽദായീകരണ പരിശ്രമങ്ങൾ

5 ആരൊക്കെയാണ് ഇവർ

6 കൽദായപക്ഷത്തിൻെറ ചെയ്തികൾ

7 കൽദായപാരമ്പര്യം

8 1989-ലെ കുർബാനക്രമം

9 ഭീകരവാഴ്ചയോ?

10 എന്തുചെയ്യണം?

ഉപസംഹാരം

www.malankaralibrary.com

# അറിയിപ്പ്

പ്രിയ സുഹൃത്തേ,

ആദ്യമായി താങ്കൾക്ക് നവവത്സരാശംസകൾ നേരട്ടെ. സീറോമലബാർ ലിററർജിക്കൽ ആക്ഷൻ കമ്മിററിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന 'കൽദായവാദവും കേരള സഭയിലെ പ്രതിസന്ധിയും' എന്ന ഈ ലഘുഗ്രന്ഥം താങ്കൾക്ക് അയച്ചുതരുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. താങ്കളുടെ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നതോടൊപ്പം താഴെ കൊടുക്കുന്ന മൂന്നു നാലുകാര്യങ്ങളിൽ താങ്കൾ ശ്രദ്ധിക്കണേയെന്ന് അഭ്യർത്ഥിക്കുന്നു.

1. ഈ പുസ്തകത്തെക്കുറിച്ചുള്ള താങ്കളുടെ പ്രതികരണങ്ങൾ എഴുതി അറിയിക്കുക.

2. താങ്കൾക്ക് ഇനി എത്ര കോപ്പികൾ വേണമെന്ന് അറിയിക്കുക.

3. താങ്കളിൽ നിന്നു കഴിവുള്ള സാമ്പത്തികസഹായം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

4. ഈ ലഘുഗ്രന്ഥം കൊണ്ട് ഉപകാരമുണ്ടാകും എന്നു താങ്കൾക്കുതോന്നുന്ന മൂന്നു നാലു അല്മായരുടെയെങ്കിലും **വിലാസം** അയച്ചുതരിക. അവർക്കു ഞങ്ങൾ പുസ്തകം നേരിട്ടു അയച്ചു കൊടുക്കുന്നതാണ്.

പണപരവും അല്ലാത്തതുമായ എല്ലാ കത്തിടപാടുകളും നടത്തേണ്ട വിലാസം:

കുത്തിയതോട്
1 - 1 - 1990

Fr. George Kuzhiparambil
Vicar, St. Thomas Church,
Kuthiathodu
Puthenvelikara 683 512

www.malankaralibrary.com

# രണ്ടുവാക്ക്

കൊളോണിയൽ മേല്ക്കോയ്മയിൽ നിന്നു സമീപകാലങ്ങളിൽ സ്വാതന്ത്ര്യത്തിലേക്ക് കാലെടുത്തുവച്ച ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങൾ സ്വന്തമായും സ്വതന്ത്രമായും തങ്ങളുടെ ഭാവിഭാഗധേയം നിർണ്ണയിക്കുന്നതിലും, സാംസ്കാരിക പൈതൃകങ്ങൾ പുനഃപ്രതിഷ്ഠിച്ചുകൊണ്ടുള്ള നവരാഷ്ട്ര നിർമ്മിതിയിലും ഉത്സുകരാണിന്ന്. ഈ പ്രക്രിയയിൽ, 'കപ്പൽ കയറിയെത്തിയ സംസ്കാര'ത്തിലെ ഉൾക്കൊള്ളാനാവാത്ത വൈദേശികത്തനിമ അടർത്തിയകറ്റാനുള്ള ബോധപൂർവ്വകമായ നീക്കങ്ങൾ പ്രകടമാണ്.

രാഷ്ട്രീയാധികാരികളോടൊപ്പമെത്തിയ മിഷനറിമാർ നട്ടുനനച്ച പ്രാദേശിക സഭകളും താൻപോരിമ തേടിയുള്ള പ്രതീക്ഷാനിർഭരമായ ഈ പ്രയാണത്തിൽ സഹയാത്രികരാണ്. വൈദേശികമൂടുപടം അഴിച്ചുമാറ്റി ഏതദ്ദേശീയ സാംസ്കാരിക സാത്മീകരണംവഴി ദേശീയ ജീവിതത്തിന്റെ മുഖ്യധാരയിൽ അലിഞ്ഞുചേരാനുള്ള നീക്കത്തിലാണ് ഈ യുവസഭകൾ. ആധുനിക കാലഘട്ടത്തിലെ എല്ലാ മാർപാപ്പാമാരും ഈ സംരംഭത്തെ കലവറയില്ലാതെ പ്രോത്സാഹിപ്പിച്ചിട്ടുമുണ്ട്.

എന്നാൽ, രണ്ടായിരം വർഷത്തെ പഴക്കവും അപ്പസ്തോലിക ഉദ്ഭവവും അവകാശപ്പെടുന്ന സീറോമലബാർ സഭയിൽ എതിർദിശയിലേക്കുള്ള നീക്കത്തിന് ആക്കം കൂടിവരുന്ന കാഴ്ച ആശങ്കാജനകമാണ്. സ്നേഹത്തിന്റെ അടയാളവും ഐക്യത്തിന്റെ കൂദാശയുമായ ദിവ്യബലിയിലെ കർമ്മാനുഷ്ഠാന വിധികളുടെ പരിഷ്കരണം ഇവിടെ ഒരു പ്രതിസന്ധിതന്നെ സൃഷ്ടിച്ചിരിക്കുകയാണ്.

www.malankaralibrary.com

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സംഭാവനയായ മെത്രാൻമാരുടെ സംഘാതാത്മകത, കൂട്ടുത്തരവാദിത്വം തുടങ്ങിയ മഹനീയാദർശങ്ങൾ കാററിൽ പറത്തിക്കൊണ്ടാണ് കൽദായീകരണ പ്രക്രിയയുമായി ചിലർ മുന്നോട്ടു പോകുന്നത്. കേരളസഭയെ അനൈക്യത്തിലേക്കും ഒരു പിളർപ്പിന്റെ വക്കിലേക്കുതന്നെയും വലിച്ചിഴക്കുന്ന ഇത്തരം പ്രവണതകൾക്കുമുമ്പിൽ നിസ്സംഗതപാലിക്കുവാൻ സഭാസ്നേഹികൾക്കു കഴിയുമോ? സീറോമലബാർ സഭ പ്രതിസന്ധിയിലേക്കു നീങ്ങുന്ന ഈ ദശാസന്ധിയിൽ അലംഭാവം വെടിഞ്ഞ് കർമ്മോത്സുകരാകാനും അമാന്യപ്രവണതകൾക്കെതിരെ പ്രതികരിക്കാനും നമുക്കു കഴിയണം.

ഇതിന്നാവശ്യമായ ബോധവത്ക്കരണമാണ് ഈ ലഘുഗ്രന്ഥത്തിൽ ഞങ്ങൾ ലക്ഷ്യമിടുക. വസ്തുതകളെയും സംഭവങ്ങളെയും വിവരിക്കാനും മനസ്സിലാക്കാനും ആവശ്യമുള്ളിടത്തോളം, ചില വ്യക്തികളെയും സംഘടനകളെയും പ്രസ്ഥാനങ്ങളെയും ഇതിൽ പേരെടുത്തുപറഞ്ഞു വിമർശിച്ചിട്ടുണ്ട്. ആരെയും വ്യക്തിപരമായി ആക്ഷേപിക്കാൻ ഞങ്ങൾക്കു ഉദ്ദേശ്യമില്ല. സഭയുടെ പൊതുവായ നന്മയും സമഗ്രമായ വളർച്ചയുമാണ് ഈ വിവരണങ്ങളുടെയും വിമർശനങ്ങളുടെയും ഏകലക്ഷ്യവും ഉദ്ദേശ്യവും. അറിവിന്റെ പരിമിതികൾക്കു ഞങ്ങൾ അതീതരല്ല; വിസ്തരഭയത്താൽ പലതും വിട്ടുകളഞ്ഞിട്ടുമുണ്ട്. നിങ്ങളുടെ ക്രിയാത്മകമായ വിമർശനങ്ങൾ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

**കാഞ്ഞൂർ** **സീറോമലബാർ ലിററർജിക്കൽ**
**19-12-1989** **ആക്ഷൻ കമ്മിററി.**

www.malankaralibrary.com

# കൽദായവാദവും
# കേരളസഭയിലെ പ്രതിസന്ധിയും

## ആമുഖം

യേശുവിന്റെ മൗതികശരീരത്തിലെ അവയവങ്ങളും അംഗങ്ങളുമാണ് എല്ലാ ക്രൈസ്തവരും. വിശ്വാസികൾ തമ്മിലുള്ള അഗാധമായ ഈ ഐക്യത്തെ പ്രകാശിപ്പിക്കയും പരിപോഷിപ്പിക്കയും ചെയ്യുന്ന കൂദാശയാണ് ദിവ്യബലി. യേശു കാൽവരിയിൽ അർപ്പിച്ച ഈ ദിവ്യയാഗത്തിൽ അനുദിനം നാം പങ്കുചേരുകയും അവിടുത്തെ തിരുശ്ശരീരരക്തങ്ങൾ ഉൾക്കൊണ്ട് നമ്മുടെ ക്രിസ്തീയ ജീവിതത്തേയും സഭാശരീരത്തേയും പരിപുഷ്ടമാക്കുകയും ചെയ്യുന്നു. ക്രിസ്തീയമായ ഐക്യത്തിന്റെ പ്രഭവസ്ഥാനവും ഉച്ചകോടിയുമെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ദിവ്യബലിയെ വിശേഷിപ്പിക്കുന്നത്. ഈ ദിവ്യബലിതന്നെയാണ് ഇപ്പോൾ സീറോ - മലബാർ സഭയിൽ വലുതായ അനൈക്യത്തിനും അഭിപ്രായസംഘട്ടനങ്ങൾക്കും പ്രതിസന്ധിക്കും കാരണമായിരിക്കുന്നത്. ഈ പ്രശ്നത്തിന്റെ വിവിധ വശങ്ങളേയും ചരിത്ര പശ്ചാത്തലത്തേയുംപറ്റി. സംക്ഷിപ്തമായ ഒരു വിവരണം നല്കുക എന്നതാണ് ഈ ലഘു ഗ്രന്ഥത്തിന്റെ ഉദ്ദേശ്യം. ആരാധനക്രമവും കുർബാനയും മാത്രമല്ല ഇവിടെ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്നത്. ഇവയേപ്പറ്റിയും ചില സൂചനകൾ നൽകാൻ ഇവിടെ ശ്രമിക്കാം.

www.malankaralibrary.com


## എന്താണ് കൽദായവാദം?

വിഷയത്തിലേക്കു കടക്കുന്നതിനുമുമ്പ്, ഈ ഗ്രന്ഥത്തിന്റെ ശീർഷകത്തിൽ സൂചിപ്പിച്ചിരിക്കുന്ന 'കൽദായവാദം' എന്താണെന്നു വിശദീകരിക്കട്ടെ. കേരളത്തിലെ സീറോ-മലബാർ സഭ ഒരുകാലത്ത് മദ്ധ്യപൂർവ്വദേശത്തെ പൗരസ്ത്യ സുറിയാനിസഭയുടെ ഭരണത്തിൻകീഴിലായിരുന്നു, നമ്മുടെ ആരാധനക്രമം–പ്രത്യേകിച്ചും ദിവ്യബലി–അന്ന് സുറിയാനി ഭാഷയിലായിരുന്നു. യേശു സംസാരിച്ചിരുന്ന ഭാഷയുടെപേര് 'അറമായ' എന്നത്രെ. ഹീബ്രു ഭാഷയിലാണ് പഴയ നിയമഗ്രന്ഥങ്ങൾ എഴുതപ്പെട്ടിരുന്നത്. യേശുവിന്റെ കാലത്ത് ഹീബ്രു പ്രധാനമായും ഒരു ലിഖിതഭാഷയായിരുന്നു. അന്ന് ജനങ്ങൾ സംസാരിച്ചിരുന്നത് അറമായ ഭാഷയാണ്. ഈ അറമായ ഭാഷയുടെ ഗലീലിയൻ രൂപമാണ് (Galilean dialect) യേശു സംസാരിച്ചിരുന്നത്. അറമായ ഭാഷയുടെ ഒരു രൂപമാണ് സുറിയാനി. എഡേസാ, എഫേസൂസ് തുടങ്ങിയ പ്രദേശങ്ങളിൽ നിലവിലിരുന്ന സുറിയാനിഭാഷയേയാണ് പൗരസ്ത്യസുറിയാനി എന്നു വിളിക്കുന്നത്. ഇതിനെ കൽദായസുറിയാനി എന്നും വിളിക്കുന്നു. ഹീബ്രു, അറബി, സുറിയാനി തുടങ്ങിയവ സെമിററിക് ഭാഷകളത്രെ. അവ എഴുതുന്നതു വലത്തുനിന്ന് ഇടത്തോട്ടാണ്.

ഒരു കാലത്ത് കൽദായ സുറിയാനി സഭയുടെ ഭരണത്തിൻകീഴിലായിരുന്ന സീറോ-മലബാർ സഭ ഇന്ന് സ്വതന്ത്രമായി നിലകൊള്ളുന്ന ഒരു സഭയാണ്. മാർപാപ്പായും സാർവ്വത്രികസഭയുമായി മാത്രമേ നാമിന്ന് ഭരണപരമായി ബന്ധപ്പെടുന്നുള്ളു. ഇന്ന് നമ്മുടെ സഭയുടെ കാര്യങ്ങൾ നോക്കുന്നത് റോമിലെ പൗരസ്ത്യസംഘമാണ്. (സഭാഭരണത്തിനായി മാർപ്പാപ്പാ നിയമിച്ചിരിക്കുന്ന 12 കോൺഗ്രിഗേഷനുകൾ ഉണ്ട്). സീറോമലബാർസഭയ്ക്ക് തനതായ ഒരു ആരാധനക്രമം ഉണ്ടാകണമെന്ന് വളരെക്കാലമായി നമ്മുടെ ജനങ്ങളും സഭാധികൃതരും ആഗ്രഹിച്ചുപോരു

www.malankaralibrary.com



ന്നു. ഇതിനുള്ള പരിശ്രമങ്ങൾ തുടങ്ങിയിട്ട് വർഷങ്ങളേറെയായി. എന്നാൽ സ്വന്തം ആരാധനക്രമമെന്നപേരിൽ പ്രത്യേകമായൊന്നും നമുക്കാവശ്യമില്ലെന്നും കൽദായസുറിയാനിസഭയുടെ പഴയ ആരാധനക്രമവും പാരമ്പര്യങ്ങളുമാണ് നമുക്കുവേണ്ടതെന്നും ഇവിടത്തെ ഒരുവിഭാഗം മെത്രാൻമാരും വൈദികരും ലിററർജി (ആരാധനക്രമം) വിദഗ്ദ്ധരും ഏതാനും വർഷങ്ങളായി വാദിച്ചുപോരുന്നു. ആരാധനക്രമത്തിലും കുർബാനയിലും കൂദാശകളിലുമെല്ലാം കൽദായരീതി നടപ്പിലാക്കണമെന്നു വാദിക്കുന്നവരെയാണ് 'കൽദായവാദികൾ' എന്നിവിടെ വിളിക്കുന്നത്. ഇന്നാടിന്റെ ആചാരപാരമ്പര്യങ്ങൾക്കും സംസ്ക്കാരത്തിന്നും അനുയോജ്യമായ ആധുനികമായ ഒരു ആരാധനക്രമമാണ് നമുക്കുവേണ്ടതെന്നു വാദിക്കുന്നവർ കൽദായവാദത്തെ എതിർക്കുന്നു. ഈ രണ്ടു പക്ഷക്കാരും തമ്മിലുള്ള അഭിപ്രായ സംഘട്ടനങ്ങളാണ് സീറോ-മലബാർ സഭയിലെ ഇന്നത്തെ പ്രതിസന്ധിക്കുകാരണം. ഇനി നമ്മുടെ സീറോമലബാർ സഭയുടെ ചരിത്രത്തിലേക്ക് കുറച്ചൊന്നു തിരിഞ്ഞുനോക്കാം.

www.malankaralibrary.com

# 1. അല്പം ചരിത്രം

കേരളസഭയുടെ ചരിത്രത്തെപ്പററി ഏകകണ്ഠമായ നിഗമനങ്ങളിലെത്തിച്ചേരാൻ ഇന്നോളം ആർക്കും കഴിഞ്ഞിട്ടില്ല. സഭാചരിത്രത്തിന്റെ പല ഏടുകളും ഇരുളിൽ മൂടിക്കിടക്കുന്നതാണ് ഇതിനുള്ള പ്രധാനകാരണങ്ങളിലൊന്ന്. കേരളത്തിലെ വിവിധ ക്രിസ്തീയവിഭാഗങ്ങരം-കത്തോലിക്കർ, യാക്കോബായക്കാർ തുടങ്ങിയവർ-സഭാചരിത്രത്തെ വിവിധ വീക്ഷണകോണുകളിലൂടെ നോക്കികാണുന്നത് മറെറാരു കാരണമത്രെ. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ലത്തീൻകാരും സുറിയാനിക്കാരും തമ്മിലുള്ള വ്യത്യാസങ്ങരം സഭാചരിത്രരചനയിലും പ്രതിഫലിക്കാറുണ്ട് സീറോ-മലബാർ സഭയുടെ ചരിത്രം ഇവിടത്തെ വൈദിക വിദ്യാർത്ഥികരം അനേകകാലത്തേക്കു പഠിച്ചിരുന്നത്, വിദേശികളായ പ്രൊഫസറന്മാരുടെ കീഴിലാണ്. അവരുടെ നിലപാടുകളും വസ്തുനിഷ്ഠമായിരുന്നില്ല. കഴിഞ്ഞ പത്തുമുപ്പതുകൊല്ലക്കാലത്തിനുള്ളിൽ സീറോ-മലബാർസഭയുടെ ചരിത്രരചനയിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നാൽ ചരിത്രപരമായ വസ്തുനിഷ്ഠത ഇവിടെയും ബലികഴിക്കപ്പെടുകയായിരുന്നു. ഇക്കാരണത്താൽ നമ്മുടെ ചരിത്രത്തെപ്പററിയുള്ള വസ്തുനിഷ്ഠമായ ഒരു സമീപനം ഇന്നും അസാദ്ധ്യമായ ഒന്നത്രെ. സീറോ-മലബാർ സഭയുടെ ചരിത്രത്തിലെ ചില പ്രധാനസംഭവങ്ങളെപ്പററിയാണ് താഴെ വിവരിക്കുന്നത്. നമ്മുടെ പ്രതിസന്ധിയുടെ യഥാർത്ഥസ്വഭാവം മനസ്സിലാക്കാൻ ഈ വസ്തുതകരം സഹായിച്ചേക്കും.

യേശുവിന്റെ ശിഷ്യരിൽ ഒരാളായ സെൻറ് തോമസ് ആണ്, ഒന്നാം നൂററാണ്ടിൽ ഇവിടെയെത്തി സുവിശേഷം പ്രസംഗിച്ചത് (ഈ വസ്തുത നിഷേധിക്കുന്ന ചരിത്രകാരൻമാരും നമുക്കുണ്ട് എന്ന കാര്യം മറച്ചുവയ്ക്കുന്നില്ല.) ഒന്നാം നൂററാണ്ടിൽ നമ്മുടെ നാട്ടിൽ രൂപം കൊണ്ട

www.malankaralibrary.com



ആരാധന ക്രമം സുറിയാനിയിലായിരുന്നു എന്ന് വിശ്വസിക്കാൻ ഒരു ന്യായവും കാണുന്നില്ല. തോമാശ്ലീഹാ ഇവിടെ വന്നപ്പോൾ, ഒന്നാം നൂററാണ്ടിനു മുമ്പ് ഇവിടെ കുടിയേറിപ്പാർത്തിരുന്ന കുറെ യഹൂദരെങ്കിലും ഇവിടെ ഉണ്ടായിരുന്നു. ഈ യഹൂദർ കച്ചവടത്തിൻേറയും മററും ആവശ്യങ്ങൾക്കായി ഇവിടെ എത്തിയവരാകാം. അതിനാൽ അവർക്ക് കേരളീയരുടെ മാതൃഭാഷ കുറെയെങ്കിലും അറിയാമായിരുന്നിരിക്കണം. അവരുടെ സഹായത്തോടുകൂടിയാകണം തോമാശ്ലീഹാ കേരളത്തിലെ ജനങ്ങളോടു സുവിശേഷം പ്രസംഗിച്ചത്.

തോമാശ്ലീഹായുടെ കാലത്തിനുശേഷം ഇവിടെ രൂപം കൊണ്ട ക്രിസ്തീയ സഭയുടെ ആരാധനക്രമം ഇന്നാട്ടുകാരുടെതന്നെ മാതൃഭാഷയിലായിരുന്നിരിക്കണം (അത് തമിഴായിരുന്നു). ശ്ലീഹന്മാർ സുവിശേഷം പ്രസംഗിച്ച പ്രദേശങ്ങളിലെല്ലാം, സുറിയാനിയിലുള്ള ആരാധനക്രമം അവർ നടപ്പിലാക്കിയെന്നു പറയുന്നതു ശരിയായിരിക്കില്ല. അങ്ങിനെയെങ്കിൽ പത്രോസ് ശ്ലീഹായുടെ ആസ്ഥാനമായ റോമിലെ ആരാധനഭാഷയും സുറിയാനി ആകണമല്ലൊ. ശ്ലീഹൻമാർ സ്ഥാപിച്ച പ്രാദേശിക സഭകളിലെ ആരാധനക്രമം അതതു പ്രദേശങ്ങളിലെ ജനങ്ങളുടെ ഭാഷതന്നെയായിരുന്നു.

ഇങ്ങിനെ ഇന്നാട്ടുകാരുടെ ഭാഷയ്ക്കും ആചാരങ്ങൾക്കും അനുസൃതമായി രൂപം കൊണ്ട ഒരു ക്രിസ്തീയ സഭയാണ് 4-ാം നൂററാണ്ടുവരെയെങ്കിലും ഇവിടെ നിലനിന്നിരുന്നത്. അതിനാൽ സീറോ-മലബാർ സഭയുടെ ഏററവും പൗരാണികമായ ആരാധന ക്രമം ഭാരതീയമായിരുന്നു. ഈ നാടിൻെറ സംസ്ക്കാരത്തേയും ആചാരങ്ങളേയും അത് ഉൾക്കൊണ്ടിരുന്നു. അന്നത്തെ ആരാധനക്രമവും ആചാരങ്ങളും ഇവിടെ നിലനിന്നിരുന്നെങ്കിൽ ഇന്ന് ആരാധനക്രമത്തിൻെറ അനുരൂപണത്തിനുവേണ്ടിയോ, പരിഷ്ക്കരണത്തിനുവേണ്ടിയോ നാമിത്രയേറെ ക്ലേശിക്കേണ്ടിവരില്ലായിരുന്നു. അതിരിക്കട്ടെ, ചരിത്രത്തിലേക്കു തന്നെ നമുക്കു തിരിയാം.

www.malankaralibrary.com



നാലാം നൂററാണ്ടിനുശേഷം മദ്ധ്യപൂർവ്വദേശത്തുനിന്നുള്ള ഒരു കുടിയേററം ഇവിടെ നടന്നു. അവിടത്തെ കൽദായ സുറിയാനി സഭയിലെ ആളുകളും ഒരു മെത്രാനും കുറെ വൈദികരും അക്കൂട്ടത്തിലുണ്ടായിരുന്നു. ഇവിടത്തെ സഭയിൽ കൽദായ റീത്തിന്റെ ആചാരാനുഷ്ഠാനങ്ങളും ആരാധനക്രമവും നടപ്പിലാക്കാനാണ് അവർ ശ്രമിച്ചത്. ഇതിനൊരു കാരണവുമുണ്ട്. എ. ഡി. 410_ൽ സെലൂഷ്യ (ഇന്നത്തെ ഇറാക്കിൽ) എന്ന സ്ഥലത്തുവച്ചു നടന്ന കൽദായ സഭയുടെ പ്രാദേശിക സൂനഹദോസിൽ വച്ച്, തങ്ങളുടെ ആളുകൾ ചെന്നെത്തുന്ന സ്ഥലങ്ങളിലെല്ലാം തങ്ങളുടെ ആരാധനക്രമവും സ്ഥാപിക്കണമെന്ന്, കൽദായ സഭാധികാരികൾ തീരുമാനിച്ചു. അതുകൊണ്ടാണ് തോമാശ്ലീഹാ ഇവിടെ സ്ഥാപിച്ച ആരാധനക്രമം മാററി, കൽദായ രീതിയിലുള്ള ആരാധനക്രമം, ഇവിടെ അവർ നടപ്പിലാക്കിയത്. ആരാധനക്രമത്തിൽ മാത്രമല്ല അവർ മാററങ്ങൾ വരുത്തിയത്. കേരളസഭയുടെ ആദ്ധ്യാത്മിക നേതൃത്വവും അവർ ഏറെറടുത്തു. അങ്ങിനെ കേരളത്തിലെ കത്തോലിക്കാ സഭ കൽദായ സഭയുടെ ഭരണത്തിൻ കീഴിലായി. അന്നു മുതൽ, 16_ാം നൂററാണ്ടിൽ പോർട്ടുഗീസുകാർ ഇവിടെ എത്തുന്നതുവരെ, കൽദായ സഭയിലെ പാത്രിയർക്കീസുമാരും മെത്രാൻമാരുമാണ് കേരള സഭയെ ഭരിച്ചിരുന്നത്. സഭാ കാര്യങ്ങൾ ഇവിടെ നടത്തിയിരുന്നത് 'ജാതിക്കു കർത്തവ്യൻ' എന്നറിയപ്പെട്ടിരുന്ന അർക്കദിയാക്കോൻ ആയിരുന്നു. അർക്കദിയാക്കോൻമാരെല്ലാം കേരളീയരായിരുന്നു. അവർക്ക് മെത്രാൻപട്ടം ഇല്ലായിരുന്നു.

അക്കാലത്തെ കൽദായ സഭ നെസ്തോറിയൻ പാഷണ്ഡതയിൽ ഉൾപ്പെട്ടതായിരുന്നു (ക്രിസ്തുവിൽ ഒരു ദൈവികആളും രണ്ടു സ്വഭാവങ്ങളും ഉണ്ടെന്നതാണ് കത്തോലിക്കാ സഭയുടെ പ്രബോധനം. എന്നാൽ നെസ്തോറിയൻ പാഷണ്ഡതാ വാദികൾ പഠിപ്പിക്കുന്നത് ക്രിസ്തുവിൽ മാനുഷികആളും ദൈവികആളും ഉണ്ടെന്നാണ്). അതിനാൽ കൽദായ സഭയുടെ കീഴിലായിരുന്ന കാലമത്രയും, നമ്മുടെ സഭയും നെസ്തോറിയൻ പാഷണ്ഡതയിൽ ഉൾപ്പെട്ടിരുന്നതായി ചരിത്രകാരൻമാർ ചൂണ്ടിക്കാണിക്കുന്നു.

www.malankaralibrary.com



9-ാം നൂററാണ്ടിൽ വീണ്ടും മദ്ധ്യപൂർവ്വ ദേശത്തു നിന്നുള്ള ഒരു കുടിയേററം ഇവിടെ നടന്നു. നമ്മുടെ സഭയുടെമേൽ കൽദായ സഭയ്ക്കുള്ള ആധിപത്യവും അധികാരങ്ങളും പൂർവ്വാധികം ഉറപ്പിക്കാൻ ഈ കുടിയേററവും സഹായിച്ചിരിക്കണം. 1597-ൽ നിര്യാതനായ മാർ അബ്രാഹമായിരുന്നു കേരള സഭയിലെ ഏററവും അവസാനത്തെ കൽദായ മെത്രാപ്പോലീത്താ (അദ്ദേഹത്തെ സംസ്കരിച്ചിരിക്കുന്നത് അങ്കമാലി കിഴക്കേപ്പള്ളിയിൽ). 16-ാം നൂററാണ്ടിൽ പോർട്ടുഗീസുകാർ വന്നതുമുതൽ പാശ്ചാത്യ മിഷ്യനറിമാരാണ് കേരള സഭയുടെമേൽ ഭരണം നടത്തിയിരുന്നത്. കൽദായർ അവരുടെ സുറിയാനി റീത്ത് നമ്മുടെമേൽ അടിച്ചേല്പിച്ചു. പാശ്ചാത്യർ നമ്മുടെ സഭയെ ലത്തീൻ റീത്തിന്റെ കീഴിലാക്കാൻ ശ്രമിച്ചു. ഇക്കാര്യങ്ങളെപ്പററി പിന്നീടു പറയാം.

## 2. കൽദായ ഭരണത്തിൻകീഴിൽ

സീറോ-മലബാർ സഭയെ സംബന്ധിച്ചിടത്തോളം കൽദായ റീത്തും ലത്തീൻ റീത്തും ഒന്നുപോലെ വൈദേശികങ്ങളാണ്. നമ്മുടെ ആദിമ റീത്ത് (നാലാം നൂററാണ്ടുവരെ) ഏതദ്ദേശീയമായിരുന്നു. ഏതദ്ദേശീയമായ ഒരു ഹയരാർക്കി (സഭാഭരണക്രമം) നമുക്കിന്നുണ്ട്. ഏതദ്ദേശീയമായ ഒരാരാധനക്രമത്തിന് വേണ്ടിയാണ് നാമിനിയും പരിശ്രമിക്കേണ്ടത്. കൽദായവാദത്തെ നാമെതിർക്കേണ്ടത് ഇക്കാരണത്താലത്രെ.

കൽദായസഭയുടെ ഭരണത്തിൻകീഴിൽ (നാലാംനൂററാണ്ടുമുതൽ 16-ാം നൂററാണ്ടുവരെ) ഇവിടത്തെ സഭാകാര്യങ്ങൾ എങ്ങിനെയാണു നടന്നിരുന്നത് എന്നകാര്യം കുറച്ചെങ്കിലും നാമറിഞ്ഞിരിക്കണം. കൽദായർ ഇവിടെ

www.malankaralibrary.com



കുടിയേറിയവരാണ്. ഈ നാടിനോടോ, ഇവിടത്തെ സംസ്ക്കാരത്തോടോ, ഇവിടത്തെ സഭയോടോ അവർക്കു യാതൊരു കൂറും പ്രതിപത്തിയുമില്ലായിരുന്നു. ഒരു കൊളോണിയൽ ശക്തിയേപ്പോലെ, നമ്മുടെ സഭയേയും ആളുകളേയും ചൂഷണം ചെയ്യാനും, തങ്ങളുടെ ആധിപത്യം അരക്കിട്ടുറപ്പിക്കാനുമാണ് അവർ എന്നും ശ്രമിച്ചിരുന്നത്. ഇതിനുള്ള തെളിവുകൾ താഴെ നൽകുന്നു:

1) ഇവിടത്തെ സഭയ്ക്ക് ഏതദ്ദേശീയമായ ഒരു രൂപം നൽകാനോ, സ്വന്തമായ ഒരാരാധനക്രമത്തിലൂടെ അതിനെ വളർത്തിക്കൊണ്ടുവരാനോ കൽദായർ ശ്രമിച്ചില്ല.

2) കേരളസഭയെ അക്കാലങ്ങളിൽ ഭരിച്ചിരുന്ന മെത്രാൻമാരെല്ലാം കൽദായസഭയിൽനിന്ന് അയക്കപ്പെട്ട വിദേശികളായിരുന്നു.

3) ഇവിടത്തെ വൈദികരുടെ അധികാരങ്ങൾ അവർ വളരെയധികം പരിമിതപ്പെടുത്തിയിരുന്നു.

4) ഇന്നാട്ടുകാരായ ആർക്കും മെത്രാൻപട്ടം നൽകാൻ കൽദായർ കൂട്ടാക്കിയില്ല. മെത്രാന് സഭയെ ഭരിക്കാനുള്ള അനുവാദമുണ്ടല്ലോ. നാട്ടുമെത്രാൻമാരുണ്ടായാൽ, കേരളസഭയുടെ ഭരണം തങ്ങൾക്കു നഷ്ടപ്പെടുമെന്ന് കൽദായർ ഭയപ്പെട്ടിരുന്നു.

5) ദേവാലയങ്ങൾ സ്ഥാപിക്കാനും കൂദാശ ചെയ്യാനുമുള്ള അധികാരവും തൻമൂലം നമുക്കില്ലായിരുന്നു.

6) വല്ലപ്പോഴും മാത്രമേ വിദേശത്തുനിന്നു കൽദായമെത്രാൻമാർ ഇവിടെ എത്തിയിരുന്നുള്ളു. അവരുടെ സൗകര്യത്തിനുവേണ്ടിയാണ് ആരാധനക്രമത്തിലെ സുറിയാനി ഇവിടെ നിലനിറുത്തിപ്പോന്നത്.

7) ക്രമേണ, തോമാശ്ലീഹായുടെ കാലംമുതൽ നാലാംനൂററാണ്ടുവരെ ഇവിടെ നിലനിന്നിരുന്ന നാട്ടുമെത്രാൻമാരുടെ പരമ്പര നാമാവശേഷമായി.

www.malankaralibrary.com



8) ജ്ഞാനസ്നാനം നൽകാനുള്ള അധികാരംപോലും കൽദായസഭക്കാർ നമുക്കു നൽകിയിരുന്നില്ല. അതൊക്കെ കൽദായമെത്രാൻമാരുടെ അധികാരപരിധിയിൽപ്പെട്ട കാര്യങ്ങളായിരുന്നു.

ഇപ്രകാരം, ജ്ഞാനസ്നാനം നൽകാനും പള്ളികൾ കൂദാശ ചെയ്യാനുമുള്ള അനുവാദമില്ലാതെ, സ്വന്തം മെത്രാൻമാരില്ലാതെ, സന്യാസസഭകൾക്കു പ്രോത്സാഹനം ലഭിക്കാതെ പത്തുപന്ത്രണ്ടു നൂററാണ്ടുകൾ തള്ളിനീക്കിയ സീറോമലബാർസഭ, വളർച്ച മുരടിച്ചതും നിശ്ചലവുമായ ഒരു സഭയായി രൂപാന്തരപ്പെട്ടെങ്കിൽ, അതിൽ അതിശയിക്കാനൊന്നുമില്ല. ഇത്രയേറെ നമ്മെ ദ്രോഹിച്ച കൽദായസഭയുടെ ആരാധനക്രമവും പാരമ്പര്യങ്ങളും ഇവിടെ വീണ്ടും നടപ്പിലാക്കണമെന്നു വാദിക്കുന്നവർ, ഈ നാട്ടിലെ സഭയെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നവർ തന്നെയായിരിക്കുമോ?

## 3. പോർട്ടുഗലിന്റെ കീഴിൽ

പിന്നീട്, വിദേശീയരായ ഈശോസഭക്കാരുടേയും കർമ്മലീത്താക്കാരുടേയും ഭരണത്തിൻ കീഴിൽ, കേരളത്തിലെ സീറോമലബാർ സഭ മൂന്നുനാലു നൂററാണ്ടുകൾ ചെലവഴിച്ചു. 1498-ലാണ് പോർട്ടുഗീസുകാർ കേരളത്തിലെത്തിയത്. രാജ്യം പിടിച്ചടക്കാനും കച്ചവടത്തിനുമാണ് അവർ വന്നതെങ്കിലും, മിഷ്യൻപ്രവർത്തനവും അവരുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെട്ടിരുന്നു. സീറോ-മലബാർ സഭയെ കൽദായവൽക്കരിക്കാനാണ് പേർഷ്യൻ കുടിയേററക്കാർ ശ്രമിച്ചതെങ്കിൽ, ഇവിടത്തെ സഭയെ ലത്തീനീകരിക്കാനാണ് പോർട്ടുഗീസുകാരായ ഈശോസഭാവൈദി

www.malankaralibrary.com



കരും ഇററലിക്കാരായ കർമ്മലീത്താവൈദികരും ശ്രമിച്ചത്. വിദേശീയർ ഇവിടെ നടത്തിയ പ്രവർത്തനങ്ങളെ നിഷ്പക്ഷമായി വിലയിരുത്തുക വളരെ വിഷമമാണ്- കൽദായരായാലും പാശ്ചാത്യരായാലും. കൽദായരുടെ പ്രവർത്തനങ്ങളെപ്പററി നാം ചർച്ച ചെയ്തുകഴിഞ്ഞു. പാശ്ചാത്യർ ഇവിടത്തെ സഭയെ എങ്ങിനെ സ്വാധീനിച്ചു എന്ന ചോദ്യത്തിനു മറുപടി പറയാൻ ബ്രിട്ടീഷ് ഭരണത്തിൻെറ കാര്യംമാത്രം ഉദാഹരണമായെടുക്കാം. ബ്രിട്ടീഷുഭരണം ഭാരതത്തെ വളരെയേറെ ദ്രോഹിക്കയും ദീർഘനാളത്തേക്ക് നമ്മെ അടിമത്തത്തിൽ അമർത്തുകയും ചെയ്തു. എന്നാൽ പാശ്ചാത്യരുമായുള്ള നമ്മുടെ സമ്പർക്കംകൊണ്ടുണ്ടായ നിരവധി മേന്മകളെ നാം വിസ്മരിക്കുന്നതു ശരിയല്ല. ഇതുതന്നെയാണ് പാശ്ചാത്യസഭയുടെ കീഴിലായിരുന്ന കേരളസഭയുടെ സ്ഥിതിയും. ഇവിടത്തെ സഭയെ ലത്തീനീകരിക്കാനുള്ള ശ്രമത്തിൽ, അവർ കാട്ടിക്കൂട്ടിയ വിക്രിയകളെയൊന്നും ലഘൂകരിച്ചുകാണിക്കാൻ ഇവിടെ ശ്രമിക്കുന്നില്ല. എന്നാൽ സൈറസിനേയും പേർഷ്യൻ അധികാരികളേയും തൻെറ ലക്ഷ്യങ്ങൾക്കു വേണ്ടി വിനിയോഗിക്കുന്ന ദൈവത്തിൻെറ പരിപാലന, പോർട്ടുഗലിനേയും മെനെസിസിനേയും ഈശോസഭക്കാരേയും കർമ്മലീത്തരേയുമെല്ലാം, കേരളസഭയുടെ ഉപരിനന്മക്കുവേണ്ടി ഉപയോഗപ്പെടുത്തുകയായിരുന്നില്ലേ?

കൽദായ സഭയ്ക്ക് അവകാശപ്പെടാനുണ്ടായിരുന്നത്, അതിൻെറ പൗരാണികതയും പാരമ്പര്യവും സുറിയാനി ഭാഷയും മാത്രമാണ്. സാമൂഹിക–രാഷ്ട്രീയ രംഗങ്ങളിലെ പുരോഗമനാത്മകമായ നിലപാടുകൾ, ദൈവശാസ്ത്രപരമായ വിചിന്തനം തുടങ്ങിയവയൊന്നും കൈമുതലായി ഇല്ലാതിരുന്ന ഒന്നാണ് കൽദായ സഭ. ആ സഭയുമായുള്ള നമ്മുടെ ബന്ധം, നമ്മുടെ ആരാധനക്രമത്തെയോ ആദ്ധ്യാത്മിക ജീവിതത്തെയോ ദൈവശാസ്ത്ര വിചിന്തനങ്ങളെയോ ക്രിസ്തീയ മനോഭാവങ്ങളെയോ പ്രേഷിത പ്രബുദ്ധതയെയോ ഒന്നും ഒരു വിധത്തിലും

www.malankaralibrary.com



സമ്പന്നമാക്കുകയോ പരിപോഷിപ്പിക്കുകയോ ചെയ്തിട്ടില്ല. കേരളസഭയെ പലവിധത്തിലും ദ്രോഹിച്ച പോർട്ടുഗീസുകാരുടെ സ്വാധീനം, ആത്യന്തികമായി, നമ്മുടെ സഭയെ ആധുനികവൽക്കരിക്കാനും സാർവ്വത്രിക സഭയുമായുള്ള നമ്മുടെ ബന്ധങ്ങൾ ശക്തിപ്പെടുത്താനും സഹായിച്ചു. ഇത്തരം ചില നേട്ടങ്ങളെപ്പററിയാണ് അടുത്തതായി പ്രസ്താവിക്കുന്നത്.

അവസാനത്തെ കൽദായ മെത്രാപ്പോലീത്തയായിരുന്ന മാർ അബ്രാഹം 1597-ൽ നിര്യാതനായി. 1599-ൽ ഉദയംപേരൂർ സൂനഹദോസ് നടന്നു. (1706-ൽ കേരള സഭയിലെ അവസാനത്തെ അർക്കദിയാക്കോൻ നിര്യാതനായി). അന്നുമുതൽ 1923-ൽ മലബാർ ഹയരാർക്കി സ്ഥാപിതമാകുന്നതുവരെ, ഇവിടത്തെ സീറോ-മലബാർ സഭ, പോർട്ടുഗീസുകാരുടെയോ റോമിലെ പ്രൊപ്പഗാന്താ തിരുസംഘത്തിൻെറയോ കീഴിലായിരുന്നു. ഈ കാലഘട്ടത്തിൽ പലതവണയും, ഏതദ്ദേശീയരായ ഭരണാധികാരികളെ ലഭിക്കാൻ, ഇവിടത്തെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ശ്രമിച്ചുപോന്നിട്ടുണ്ട്. ആ പരിശ്രമങ്ങളിൽ പലതും പാളിപ്പോയതിൻെറ ദുരന്തഫലമാണ് കേരള സഭയിലെ പിളർപ്പും യാക്കോബായ സഭയുടെ ആവിർഭാവവും.

കൽദായ സഭയുടെ ഭരണകാലത്ത് ഇന്നാട്ടുകാരനായ ഒരു മെത്രാനേപ്പോലും നിയമിക്കാൻ അവർ കൂട്ടാക്കിയില്ല, പാശ്ചാത്യർ നമ്മുടെ സഭയെ അടക്കിഭരിക്കുകയും ലത്തീനീകരിക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്ന കാലത്തു രണ്ടുനാട്ടുമെത്രാൻമാരേയെങ്കിലും അവർ നിയമിച്ചിട്ടുണ്ട്. കേരളസഭയെ പരിഷ്ക്കരിക്കാനും ആധുനികവൽക്കരിക്കാനും, പാഷണ്ഡതകളിൽനിന്ന് അതിനെ മോചിപ്പിക്കാനുമായി, പോർട്ടുഗീസ് സഭാധികാരികൾ വിളിച്ചുകൂട്ടിയ ഉദയംപേരൂർ സൂനഹദോസിൻെറ നേട്ടങ്ങൾ ഒരിക്കലും വിസ്മരിക്കാവുന്നതല്ല. ക്രമക്കേടുകൾ പലതും ആ സൂനഹദോസിനെപ്പററി പറയാനുണ്ടെങ്കിലും, പോർട്ടുഗീസുകാർ തന്നെ അവയെ പിന്നീടു തിരുത്തുകയുണ്ടായി. ആ സൂനഹദോസുവഴിയും, പിന്നീടു ഇവിടെ ഭരണം നട

www.malankaralibrary.com



ത്തിയ ഈശോസഭക്കാർ, കർമ്മലീത്താക്കാർ തുടങ്ങിയവർ വഴിയും, മലബാർസഭയ്ക്കുണ്ടായ നേട്ടങ്ങളേയും നന്മകളേയും പററി, സംക്ഷിപ്തമായ ഒരു വിവരണം ഇവിടെ നൽകുകയാണ്:

1 മാർപാപ്പായും സാർവ്വത്രികസഭയുമായി നേരിട്ടു ബന്ധപ്പെടാൻ നമുക്ക് അവസരം ലഭിച്ചു.

2 ഇടവകകളുടെ വിഭജനം, വികാരിമാരുടെ നിയമനം തുടങ്ങിയവ ഇക്കാലത്താണ് നടന്നത്.

3 പൂർണ്ണമായരീതിയിൽ പട്ടവും അധികാരവും ലഭിച്ചു.

4 വൈദിക ബ്രഹ്മചര്യം നടപ്പിലാക്കി.

5 സുറിയാനിയിലായിരുന്ന നമ്മുടെ പ്രാർത്ഥനകൾ മലയാളത്തിലാക്കി.

6 സ്ഥൈര്യലേപനം, രോഗിലേപനം എന്നീ കൂദാശകൾ കേരളസഭയിൽ ആദ്യമായി ഏർപ്പെടുത്തി, കൽദായരുടെ കാലത്ത് ഈ കൂദാശകൾ വിശ്വാസികൾക്കു നൽകപ്പെട്ടിരുന്നില്ല.

7 രഹസ്യവും വ്യക്തിപരവുമായ കുമ്പസാരം നടപ്പിലാക്കി. കുമ്പസാരത്തിന് പണം നൽകുന്ന ഏർപ്പാടു റദ്ദാക്കി.

8 ജ്ഞാനസ്നാന വേളയിൽ, വിശ്വാസികൾക്ക്, വിശുദ്ധരുടെ പേരുകൾ നൽകണമെന്നു നിർദ്ദേശിച്ചു.

9 പൊതുധ്യാനങ്ങൾ, വണക്കമാസം, നൊവേനകൾ തുടങ്ങിയവ നടപ്പിലാക്കി.

10) ദേവാലയനിർമ്മാണത്തിന് ആധുനിക രീതികൾ നിർദ്ദേശിച്ചു.

www.malankaralibrary.com


11) ക്രൈസ്തവരുടെ ഇടയിൽ പ്രചരിച്ചിരുന്ന മന്ത്രവാദം, കൂടോത്രം മുഹൂർത്തം, നാളുപ്പൊരുത്തം തുടങ്ങിയ അന്ധവിശ്വാസങ്ങൾക്ക് അറുതിവരുത്തി.

12) ക്രൈസ്തവരുടെ ഇടയിലെ ദ്വന്ദയുദ്ധങ്ങൾ, മല്ലയുദ്ധങ്ങൾ, ശിശുവിവാഹം തുടങ്ങിയവ നിരോധിച്ചു.

13) മദ്യവ്യാപാരം ക്രൈസ്തവർക്കു നിഷിദ്ധമാക്കി.

14) അനാഥശിശുക്കൾ, അംഗവൈകല്യമുള്ളവർ തുടങ്ങിയവരെ കൊന്നുകളയുന്ന സമ്പ്രദായം നിറുത്തലാക്കി.

15) ക്രൈസ്തവരുടെയിടയിൽ തീണ്ടൽ, തൊടീൽ, ജാതിവ്യവസ്ഥ എന്നിവ പാടില്ലെന്നു തീരുമാനിച്ചു.

16) വൈദികർക്കുവേണ്ടി ആധുനിക രീതിയിലുള്ള സെമിനാരികൾ സ്ഥാപിച്ചു.

17) ചില സന്ന്യാസസഭകളുടെ സ്ഥാപനം ഇക്കാലത്തു നടന്നു.

18) ക്രൈസ്തവരുടെയിടയിൽ ആധുനിക രീതിയിയിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആതുരാലയങ്ങൾ തുടങ്ങിയവ ഉയർന്നുവരാൻ വേണ്ടത്ര പ്രോത്സാഹനം നൽകി.

19) ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രത്യേകമായ പ്രോത്സാഹനം നൽകി (ബിഷപ്പ് മാർസലിനേപ്പോലുള്ളവരുടെ പരിശ്രമങ്ങൾ പ്രത്യേകം ഓർക്കുക)

20) നാട്ടുകാരായ മെത്രാന്മാരുടേയും വൈദികശ്രേഷ്ഠരുടേയും ആവിർഭാവത്തിന് കളമൊരുക്കി.

21) നെസ്തോറിയൻ പാഷണ്ഡതയിൽനിന്നു കേരളസഭയെ മോചിപ്പിച്ചു. (കൽദായസഭ വളരെക്കാലത്തേക്ക് നെസ്തോറിയൻ പാഷണ്ഡതയിൽ ഉൾപ്പെട്ടിരുന്നു.)

www.malankaralibrary.com



22) ദേവാലയങ്ങളിൽ തിരുസ്വരൂപങ്ങൾ സ്ഥാപിച്ചതും നാല്പതുമണി ആരാധന, ധ്യാനങ്ങൾ തുടങ്ങിയവ നടപ്പിലാക്കിയതും വിദേശികളായ സഭാധികാരികളാണ്.

23) സ്ത്രീകൾക്കും പുരുഷൻമാർക്കും കുടുംബസ്വത്തിൽ തുല്യാവകാശം ഉണ്ടായിരിക്കണമെന്നു നിർദ്ദേശിച്ചതും പോർട്ടുഗീസുകാരുടെ കാലത്താണ്.

24) 16-ാം നൂററാണ്ടിൽ പ്രേഷിത ചൈതന്യമററ സമൂഹമായിരുന്ന മാർതോമ്മാ ക്രിസ്ത്യാനികളെ പ്രേഷിത പ്രബുദ്ധരാക്കി.

ഇങ്ങനെ നോക്കുമ്പോൾ പാശ്ചാത്യരായ സഭാധികാരികളുടെ ഭരണം, ഭരണപരവും സാമൂഹികവും സാംസ്ക്കാരികവും ദൈവശാസ്ത്രപരവുമായ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ നമ്മുടെ സഭയെ സഹായിച്ചിട്ടുണ്ട് എന്ന കാര്യം വ്യക്തമായി മനസ്സിലാക്കാം. ഇതൊന്നും അംഗീകരിക്കാൻ ലത്തീൻ വിരോധികളായ കൽദായവാദികൾക്കു സാധിക്കാത്തത് മാനസികമായ അന്ധത ഒന്നുകൊണ്ടു മാത്രമാണ്.

പാശ്ചാത്യരുടെ കീഴിൽ നമ്മുടെ സഭയ്ക്കുണ്ടായ ഈ നേട്ടങ്ങൾ പരിശോധിക്കുമ്പോൾ, അവർ ചെയ്ത ചില കാര്യങ്ങൾ, അത്ര വലിയ തെററുകളായി തോന്നുകയില്ലതന്നെ. വിശ്വാസവും ഭക്തിയും വർദ്ധിപ്പിക്കാനുപകരിക്കുന്ന പല ഭക്താനുഷ്ഠാനങ്ങളും (കൊന്ത, വിയാസാക്ര, തിരുഹൃദയ ഭക്തി തുടങ്ങിയവ) ആരംഭിച്ചതും ശനിയാഴ്ച മാതാവിന്റെ ദിവസമാക്കിയതും മലപാനേററ് സെമിനാരികൾ നിറുത്തലാക്കിയതും പുതിയ മേജർ സെമിനാരികൾ തുടങ്ങിയതും അത്ര വലിയ തെററുകളാണോ? നമ്മുടെ പുരാതനങ്ങളായ പല ഗ്രന്ഥങ്ങളും അവർ തട്ടിക്കൊണ്ടു പോവുകയോ നശിപ്പിച്ചു കളയുകയോ ചെയ്തിട്ടുണ്ട്. ഇത്തരം നടപടികളെ കിരാതമെന്നുതന്നെയാണ് നാം വിശേഷിപ്പിക്കേണ്ടതും.

www.malankaralibrary.com

# 4. കൽദായീകരണ പരിശ്രമങ്ങൾ

16-ാം നൂററാണ്ടിൽ, കൽദായ സഭയുടെ നിയന്ത്രണത്തിൽനിന്നു കുറെയെല്ലാം നാം സ്വതന്ത്രരായി. പാശ്ചാത്യർ നമ്മെ ലത്തീനീകരിക്കാൻ നടത്തിയിരുന്ന ശ്രമങ്ങൾ തുടർന്നെങ്കിലും, അവ വിജയിച്ചില്ല. ഇതിനിടെ കൽദായ സഭയിലെ പാത്രിയർക്കീസുമാരും സഭാധികാരികളും കേരള സഭയെ ഒരിക്കൽക്കൂടി തങ്ങളുടെ ഭരണത്തിനു വിധേയമാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഒന്നാം വത്തിക്കാൻ സൂനഹദോസിൽവച്ച് സീറോ-മലബാർ സഭയെ തന്റെ അധികാര പരിധിയിൽ നിലനിറുത്തണമെന്ന്, കൽദായ പാത്രിയർക്കീസ് വാദിക്കയുണ്ടായി. മേലൂസ് മെത്രാൻ അതിനെ അനുകൂലിക്കുകയും ചെയ്തു. കേരളത്തിലെ ഇടവക വൈദികരും കർമ്മലീത്താക്കാരും ആ നീക്കത്തിനെതിരെ റോമിലേക്ക് നിവേദനങ്ങളയച്ചു. വത്തിക്കാൻ കൗൺസിൽ പെട്ടെന്നു നിറുത്തി വച്ചതിനാൽ ഈ ശ്രമങ്ങൾ തുടർന്നില്ല.

കൽദായ പാത്രിയർക്കീസിനുവേണ്ടി പ്രവർത്തിച്ചിരുന്നവർ, അന്നും കേരളത്തിൽ കുറെപ്പേരെങ്കിലുമുണ്ടായിരുന്നു. 1897-ൽ പഴേപറമ്പിൽ മെത്രാന് റോമിൽനിന്നു ലഭിച്ച ഒരു കത്തിൽ, കൽദായ സഭയുമായി വീണ്ടും ബന്ധപ്പെടാൻ ചിലർ നടത്തുന്ന നീക്കങ്ങളെ, ശക്തിയായ ഭാഷയിൽ വത്തിക്കാൻ അപലപിച്ചിരുന്നു. 1938-ൽ കൽദായ റീത്ത് നമ്മുടെമേൽ അടിച്ചേല്പ്പിക്കാൻ വീണ്ടുമൊരു ശ്രമം നടന്നു. സീറോ-മലബാർ സഭയിലെ അഭിവന്ദ്യ മെത്രാൻമാരെല്ലാം ഒററക്കെട്ടായിനിന്ന്, ആ ശ്രമത്തെ എതിർത്തു, കൽദായ പാത്രിയർക്കീസിന്റെ ചില നീക്കങ്ങളെപ്പററി 1948-ൽ തൃശൂർ മെത്രാൻ തിരുമേനി (ബിഷപ്പ് ആലപ്പാട്ട്) റോമിനെ അറിയിക്കുകയുണ്ടായി.

www.malankaralibrary.com



സീറോ-മലബാർ സഭയിലെ ഒരു സന്ന്യാസ വൈദികൻ – ഫാ. പ്ലാസിഡ് സി. എം. ഐ – കൽദായ റീത്തിന്റെ ഏററവും വലിയ വക്താവായി 1950-ൽ രംഗപ്രവേശം ചെയ്തു. 1953-ൽ പൗരസ്ത്യ തിരുസംഘത്തിന്റെ ഉപദേഷ്ടാവായി അദ്ദേഹം റോമിൽ താമസമാക്കി. നമ്മുടെ ആരാധനക്രമത്തെ കൽദായീകരിക്കാനുള്ള ശ്രമങ്ങൾ 1955-ൽ അദ്ദേഹം ആരംഭിച്ചു. അദ്ദേഹത്തിന്റെ ഈദൃശ ശ്രമങ്ങളെ, അന്ന് ശക്തമായി എതിർക്കാൻ, സീറോ-മലബാർ സഭയുടെ സമുന്നത തലവനായ മാർ അഗസ്ററിൻ കണ്ടത്തിൽ മെത്രാപ്പോലീത്തായും ഇതര മെത്രാൻമാരും മുന്നോട്ടു വന്നു. ഒരു പ്രാദേശിക സഭയിലെ മെത്രാൻമാർ മുഴുവൻ ഒററക്കെട്ടായി നിന്നാൽ, ഏതു പ്രതിസന്ധിയേയും വിജയകരമായി നേരിടാൻ സാധിക്കുമെന്ന്, അന്നത്തെ അനുഭവം നമ്മെ പഠിപ്പിക്കുന്നു (ഈ അനുഭവമാണ് ഇന്ന് നമുക്കില്ലാതെ പോകുന്നത്). കണ്ടത്തിൽ തിരുമേനി 1956-ൽ നിര്യാതനായി. 'ഇനി എന്റെ കുർബാന നടപ്പിലാക്കാ'മെന്ന് ബ. പ്ലാസിഡച്ചൻ അന്നു പറഞ്ഞത്, പലരും കേട്ടിട്ടുണ്ട് (ഇക്കാര്യം രേഖപ്പെടുത്തിയിരിക്കുന്നത് കാർഡിനൽ പാറേക്കാട്ടിലാണ്). ഏതായാലും കൽദായീകരണ ശ്രമങ്ങളെ ചെറുത്തിരുന്ന എറണാകുളം അതിരൂപതയുടെ നേതൃത്വ പദവി, അധികനാൾ നീണ്ടുനില്ക്കാൻ, റോമിലെ പൗരസ്ത്യസംഘം അനുവദിച്ചില്ല.

1956 ജൂലായ് 29-ാം തീയതി ചങ്ങനാശ്ശേരി രൂപതയെ അതിരൂപതയാക്കി ഉയർത്തി. ഒരു അതിരൂപതകൂടി സീറോ-മലബാർ സഭയ്ക്ക് ഉണ്ടായി എന്നതല്ല വലിയ സംഭവമായി തീർന്നത്, അന്നുവരെയും ഒരു മെത്രാപ്പോലീത്തയുടെ കീഴിലായിരുന്ന സീറോ മലബാർ ഹയരാർക്കിയെ ഒരു മേജർ ആർച്ചുബിഷപ്പിനെ നിയമിക്കാതെ തുല്യ അവകാശാധികാരങ്ങളുള്ള രണ്ടു മെത്രാപ്പോലീത്താമാരുടെ കീഴിലാക്കി വിഭജിച്ചു എന്നുള്ളതാണ്. ആശയത്തിലും നയത്തിലും സമീപനത്തിലും പ്രവർത്തന ശൈലിയിലുമൊക്കെ അന്നുവരെയും കാണ

www.malankaralibrary.com



പ്പെട്ടിരുന്ന ഐക്യത്തിനു നിരക്കാം ഒരു മെത്രാപ്പോലീത്തയുടെ കീഴിൽ നില്ക്കുന്നു എന്നതാണെന്ന് തിരുസംഘം അനുമാനിച്ചാൽ തെററ് പറയാനാകില്ല. നിരന്തരം ശ്രമിച്ചിട്ടും, അടവുകരം മാററിച്ചവുട്ടിയിട്ടും കൽദായ ലിററർജി അടിച്ചേല്പിക്കുക എന്ന തങ്ങളുടെ ചിരകാലാഭിലാഷം നിറവേറാതെ വന്നതിനാൽ, തങ്ങളുടെ താല്പര്യം അടിച്ചേല്പിക്കുവാൻ ഹയരാർക്കിയിൽ ഭിന്നിപ്പുണ്ടാകണമെന്നും, ആ ഭിന്നിപ്പിൻെറ പഴുതിലൂടെ തങ്ങൾക്ക് കയറിപ്പററാം എന്നും ഉള്ള ഗൂഢഉദ്ദേശ്യമായിരിക്കാം ഒരു മേജർ ആർച്ചു ബിഷപ്പിനെ തരാതെ തുല്യപദവിയും അധികാരാവകാശവുമുള്ള രണ്ട് ആർച്ചു ബിഷപ്പുമാരുടെ കീഴിൽ സഭയെ കൊണ്ടുവന്നത്. ഇങ്ങനെ സഭയെ വെട്ടിമുറിച്ച് രണ്ടുചേരിയിൽ നിർത്തിയാൽ തങ്ങളിൽ കേമനാരെന്നതിനെപ്പററി ഇരുകൂട്ടരും കടിപിടി കൂടിക്കൊള്ളും. അങ്ങനെ സംഭവിച്ചാൽ ഒന്നിൻെറ പക്ഷം ചേർന്ന് മറേറതിനെ അമർച്ച ചെയ്യുകയും തങ്ങളുടെ താല്പര്യങ്ങൾ എളുപ്പത്തിൽ നടത്തിക്കുകയും ചെയ്യാമല്ലോ. ഇവിടെ ഗ്രൂപ്പുവഴക്ക് മൂർച്ഛിച്ചാൽ ബാഹ്യ കേരളത്തിലേക്കുള്ള വികസനത്തിനുവേണ്ടിയുള്ള മുറവിളി കൂട്ടാനുള്ള സീറോ മലബാർ സഭയുടെ ശക്തി വാർന്നുപൊയ്ക്കൊള്ളുമല്ലോ. അങ്ങനെ സഭയെ ഇവിടെത്തന്നെ തളച്ചിടുകയും ചെയ്യാം.

പിന്നീടിങ്ങോട്ട്, ഇവിടത്തെ കൽദായപക്ഷത്തിൻെറ ഒരു ജൈത്രയാത്രതന്നെയായിരുന്നു. സീറോ-മലബാർ സഭയിലെ ഒരു പ്രമുഖ വൈദികൻ പൗരസ്ത്യസംഘത്തിലുണ്ടായിരിക്കുകയും, അദ്ദേഹത്തെ സഹായിക്കാൻ കേരളീയരായ കുറെ വൈദികർ റോമിൽ പഠനം നടത്തിക്കൊണ്ടിരിക്കയും ചെയ്തത്, കൽദായപക്ഷത്തിന് ഏറെ ഗുണം ചെയ്തു. കേരളത്തിൽനിന്നുള്ള ഒരു പ്രമുഖവൈദികൻ ഒരു റോമൻ സെമിനാരിയിൽ വൈസ്_റെക്ടറായി നിയമിക്കപ്പെട്ടത് മറെറാരനുകൂലസാഹചര്യമായിരുന്നു. (പിന്നീട് പാലാ മെത്രാനായിത്തീർന്ന മാർ പള്ളിക്കാപ്പറമ്പിലിൻെറ കാര്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്)

www.malankaralibrary.com



1962-ൽ, സീറോ-മലബാർ സഭയിലെ ബിഷപ്പ്സ് കോൺഫറൻസിനോട് ഒന്നാലോചിക്കുകപോലും ചെയ്യാതെ, ഒരു കുർബാനക്രമം റോമിലെ പൗരസ്ത്യസംഘം ഇവിടെ നടപ്പിലാക്കി. മാർപാപ്പയുടെ അംഗീകാരം ആ കുർബാനക്രമത്തിനു ലഭിച്ചിരുന്നു എന്ന വാദം തികച്ചും അടിസ്ഥാനരഹിതമാണ്. ഏതായാലും ആ കുർബാന ചൊല്ലാൻ വിസമ്മതിച്ച ധാരാളം പേരിൽ, അഭിവന്ദ്യ മാർ കാവുകാട്ടു തിരുമേനിയും ഉൾപ്പെടുന്നു. ആ കുർബാന ക്രമം തികച്ചും കൽദായരീതിയിലുള്ള ഒന്നായിരുന്നു. അതിനോടുള്ള ഇവിടത്തെ പ്രതിഷേധം ശക്തവും വ്യാപകവുമായപ്പോഴാണ് 1968-ൽ മറ്റൊരു കുർബാനക്രമം ഇവിടെ നടപ്പിലാക്കാൻ പൗരസ്ത്യസംഘം അനുമതി നൽകിയത്. (ഈ കുർബാനക്രമമാണ് 1989 ആഗസ്റ്റ് 15 വരെ ഇവിടെ നിലനിന്നിരുന്നത്,) സീറോ-മലബാർ ബിഷപ്പ്സ് കോൺഫറൻസിലെ അംഗങ്ങളായ എല്ലാ വൈദികമേലദ്ധ്യക്ഷന്മാരും ഏകകണ്ഠമായി അംഗീകരിച്ച്, ഒപ്പുവച്ച, ആ കുർബാനക്രമം നമ്മുടെ സഭയിലെ എല്ലാ വൈദികർക്കും അൽമായർക്കും, ഏറെ ഹൃദ്യവും സ്വീകാര്യവുമായി അനുഭവപ്പെട്ടു. ഒരു പരീക്ഷണമെന്നനിലയിലാണ് ആ കുർബാനക്രമത്തെ റോം അംഗീകരിച്ചതെന്ന കാര്യവും ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ.

എന്നാൽ 1968-ലെ ഈ കുർബാനക്രമം, വേണ്ടത്ര 'കൽദായസ്വഭാവ'മുള്ളതല്ല എന്ന തോന്നൽ, അന്നുമുതൽ ഇവിടത്തെ ചില മെത്രാന്മാർക്കും വൈദികർക്കും ലിറ്റർജിപണ്ഡിതന്മാർക്കും ഉണ്ടായിരുന്നു. അതിനാൽ ഒളിഞ്ഞും പതുങ്ങിയും, അതിനെതിരായ പ്രചരണങ്ങൾ അവർ ആരംഭിക്കയും ചെയ്തു. (എല്ലാ മെത്രാന്മാരും അംഗീകരിച്ച ഒരു കുർബാനക്രമത്തെ, പിന്നീട് ആ മെത്രാന്മാരിൽ ചിലർ, പരസ്യമായി എതിർക്കുന്നതു ശരിയല്ലല്ലൊ. അതുകൊണ്ടാണ് അവരുടെ എതിർപ്പ് രഹസ്യമായിരുന്നത്). ഈ കുർബാനക്രമത്തെ എതിർക്കാൻ, ജർമ്മനിയിലുള്ള ഒരു കേരളീയ വൈദികനേയും ജർമ്മൻകാരനായ ഒരു സുറിയാനി പണ്ഡിതനേയും കൽദായപ

www.malankaralibrary.com



ക്ഷക്കാർ നിയമിച്ചിരുന്നു. (ഈ സുറിയാനി പണ്ഡിതന്റെ പേര് മഡെയ് എന്നാണ്). കൽദായപക്ഷത്തിന്റെ ഈ നീക്കങ്ങളും വിഫലമായില്ല. 1980-ൽ റോമിൽവച്ചുനടന്ന സീറോമലബാർ മെത്രാന്മാരുടെ യോഗത്തിൽ, കൽദായവാദികളായ ന്യൂനപക്ഷമെത്രാന്മാരും കൽദായീകരണത്തെ എതിർക്കുന്ന ഭൂരിപക്ഷമെത്രാന്മാരും, രണ്ടു ചേരികളായിത്തിരിഞ്ഞു. പൗരസ്ത്യസംഘം ന്യൂനപക്ഷക്കാരായ കൽദായവാദികളെയാണ് പ്രോത്സാഹിപ്പിച്ചിരുന്നത്. ഭൂരിപക്ഷക്കാരായ മെത്രാന്മാരേക്കാൾ 'വിവരംകൂടുതലുള്ളവർ' (Sanior Pars) ന്യൂനപക്ഷക്കാരാണെന്നു രേഖപ്പെടുത്താൻ വരെ തിരുസംഘത്തിലെ അധികൃതർ തയ്യാറാവുകയും ചെയ്തു.

കൽദായവാദികളായ ഈ ന്യൂനപക്ഷമെത്രാന്മാരുടേയും, അവരെ തുണയ്ക്കുന്ന ലിററർജി പണ്ഡിതന്മാരുടേയും സെമിനാരി പ്രൊഫസറന്മാരുടേയും പൗരസ്ത്യതിരുസംഘത്തിലെ കൽദായലോബിയുടേയും പരിശ്രമഫലമാണ്, 1986-ൽ ഇവിടെ നടപ്പിൽവന്ന റാസക്രമം. 1962-ലെ കുർബാനക്രമം നടപ്പിലാക്കിയതിനുപിന്നിലെ 'ചതി'യേപ്പററി കാർഡിനൽ പാറേക്കാട്ടിൽ പറയുന്നുണ്ട്. ആ 'ചതി' ഒററപ്പെട്ട ഒരു സംഭവമായിരുന്നില്ല. പലതരത്തിലുള്ള ചതികളും കുതികാൽവെട്ടലുകളും ഉപജാപങ്ങളും ഗൂഢതന്ത്രങ്ങളും കൊണ്ടുനിറഞ്ഞതാണ്, അന്നുമുതൽ ഇന്നുവരെയുള്ള ഇവിടത്തെ ലിററർജി പരിഷ്ക്കരണശ്രമങ്ങളുടെ ചരിത്രം.

1986-ലെ റാസക്രമം ഇവിടെ നടപ്പിലാക്കിയതും ഒരു ഗൂഢതന്ത്രത്തിലൂടെയാണ്. മാർപാപ്പാ കേരളം സന്ദർശിക്കുമ്പോൾ ഇവിടെ ഉൽഘാടനം ചെയ്യാനുള്ളതാണ് റാസക്രമമെന്ന്, നേരത്തെതന്നെ പ്രഖ്യാപനമുണ്ടായിരുന്നു. മാർപാപ്പായുടെ വരവിനുമുമ്പ്, റാസക്രമം സമഗ്രമായി പഠിക്കാൻ ഇവിടുത്തെ മെത്രാൻമാർക്ക് സാവകാശം ലഭിച്ചില്ല. സീറോ-മലബാർ സഭയിലെ എല്ലാ മെത്രാൻമാരുടേയും പക്കൽ, റാസക്രമം ഒപ്പിനുവേണ്ടി കൊണ്ടുചെന്ന

www.malankaralibrary.com



പ്പോഴം, അവർ അതു 'കണ്ട'തായി (Visum) രേഖപ്പെടുത്തി ഒപ്പിട്ടുകൊടുത്തു. റാസക്രമം ആഘോഷമായ ദിവ്യബലിയാണ്. സാധാരണദിവസങ്ങളിൽ അതുപയോഗിക്കുക പ്രായോഗികമല്ല. അതിനാൽ സാധാരണകുർബാന ആവശ്യമായ അനുരൂപണത്തോടും നവീകരണത്തോടും കൂടി പിന്നീടു രൂപപ്പെടുത്താമെന്ന ധാരണയിലാണ്, മെത്രാൻമാർ ഒപ്പിട്ടത്. റാസക്രമത്തിന് ഇവിടത്തെ മെത്രാൻമാരുടെ നാമമാത്രമെങ്കിലുമായ അംഗീകാരം നേടിയ ചങ്ങനാശ്ശേരി മെത്രാപ്പോലീത്തായുടെ ലക്ഷ്യം മറ്റൊന്നായിരുന്നു—റാസക്രമംതന്നെ, ഗണ്യമായ വ്യത്യാസങ്ങളില്ലാതെ, സാധാരണ കുർബാനക്കുവേണ്ടിയും ഉപയോഗിക്കുക എന്നത്. തങ്ങളുടെ ഒരു സഹോദരമെത്രാനെ അവിശ്വസിക്കുക എന്നത്, ഒരു പാതകം തന്നെയാണെന്ന്, ഇവിടത്തെ ഇതരമെത്രാൻമാർ കണക്കാക്കി. റാസക്രമം തങ്ങൾ 'കണ്ടു' എന്നു രേഖപ്പെടുത്തിയതിനെ ആസ്പദമാക്കി, അത് സാധാരണ കുർബാനയുടെ രൂപത്തിൽ തങ്ങളുടെ മേൽ അടിച്ചേല്പിക്കുമെന്ന്, സ്വപ്നേപി വിചാരിക്കാൻ ഭൂരിപക്ഷ മെത്രാൻമാർക്ക് സാധിക്കാതിരുന്നത് ഇക്കാരണത്താലാണ്.

മാർപാപ്പായുടെ കോട്ടയത്തെ ദിവ്യബലി, റാസക്രമത്തിലായിരുന്നു. മാർപാപ്പായേക്കൊണ്ട് ആ റാസചൊല്ലിച്ചത് ഇവിടത്തെ കൽദായപക്ഷത്തിന്റെ വലിയൊരു വിജയം തന്നെയായിരുന്നു. ദിവ്യബലിക്കുശേഷം, റാസക്രമത്തെപ്പറ്റിയുള്ള തന്റെ അതൃപ്തി മാർപാപ്പാ പ്രകടിപ്പിച്ചതായി, കൽദായപക്ഷക്കാരനായ ഒരു സെമിനാരി പ്രൊഫസർ തന്നെ പിന്നീടു പ്രസ്താവിച്ചിട്ടുണ്ട്. റാസക്രമം എന്ന കെണിയിൽ കേരളമെത്രാൻമാരെ മാത്രമല്ല, മാർപാപ്പയേയും വീഴിക്കാൻ സാധിച്ച കൽദായവാദികളുടെ സൂത്രശാലിത്വത്തെ നാം ശ്ലാഘിക്കുകതന്നെ വേണം! മാർപാപ്പാ നേരിട്ട് ഉൽഘാടനം ചെയ്തതും, തങ്ങൾ 'കണ്ടു' എന്നു രേഖപ്പെടുത്തി ഒപ്പിട്ടതുമായ റാസക്രമത്തെ, പിന്നീടു നിഷേധിക്കാൻ, ഇവിടത്തെ മെത്രാൻമാർക്കും ബുദ്ധിമുട്ടുണ്ടായി. ആ റാസക്രമം തന്നെയാണ്, അല്പ

www.malankaralibrary.com



സ്വല്പ വ്യത്യാസങ്ങളോടുകൂടി, അന്നുമുതൽ പാലാ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി രൂപതകളിൽ സാധാരണ കുർബാനക്കായി ഉപയോഗിച്ചു പോന്നിരുന്നത്. 1989-ലെ പുതിയ കുർബാന ആ റാസക്രമത്തിൽനിന്ന് അധികം വ്യത്യസ്തമല്ലാത്തതിനാൽ, 1989-ലെ പുതിയ കുർബാനചൊല്ലാൻ മുൻപറഞ്ഞ രൂപതകളിലെ വൈദികർക്ക് വലിയ ബുദ്ധിമുട്ടു തോന്നുന്നുമില്ല.

1986-ൽ സീറോ-മലബാർ സഭയിൽ നടപ്പിലാക്കപ്പെട്ട 'റാസക്രമ'ത്തെ ആരാധനക്രമ ചരിത്രത്തിലെ ഒരു വൈകൃതം (Deformity or Liturgical monstrosity) എന്നു തന്നെയാണ് വിളിക്കേണ്ടത്. വൈദികരും സഹായികളും ഉൾപ്പെടെ അഞ്ചാറുപേരുടെയെങ്കിലും സഹായത്തോടുകൂടി, രണ്ടു രണ്ടരമണിക്കൂർകൊണ്ട് ചൊല്ലിത്തീർക്കേണ്ട ഈ കുർബാനക്രമം, ഭാഷാപരമായ വൈകൃതങ്ങളും, പാഷണ്ഡതകളും, അർത്ഥശൂന്യങ്ങളായ പലതരം കർമ്മവിധികളും നിറഞ്ഞതാണ്. അതിനെതിരെ സഭയിലാകമാനം ആഞ്ഞടിച്ച പ്രതിഷേധക്കൊടുങ്കാററ്, തികച്ചും ശക്തമായ ഒന്നുതന്നെയായിരുന്നു. സീറോ-മലബാർ സഭയിലെ ഭൂരിപക്ഷം മെത്രാൻമാരും വൈദികരും അൽമായരും അതിനെതിരെ ശബ്ദമുയർത്തിയപ്പോൾ, കുറെയെങ്കിലും വഴങ്ങാതിരിക്കാൻ റോമിനു സാദ്ധ്യമല്ലെന്നായി. അതുകൊണ്ടാണ് പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫെക്ടായ കാർഡിനൽ ലൂർദ്ദുസാമിതന്നെ കേരളം സന്ദർശിച്ചത്. കാർഡിനൽ ലൂർദ്ദുസാമിയെ നേരിട്ടു കണ്ട് തങ്ങളുടെ പരാതികളറിയിക്കാൻ, ഇന്നാട്ടിലെ അനേകം വൈദികരും അൽമായരും കത്തോലിക്കാ സംഘടനകളും ശ്രമം നടത്തി. ചിലർക്കൊക്കെ സന്ദർശനാനുവാദം ലഭിച്ചെങ്കിലും, ഡൽഹിയിലെ അപ്പസ്തോലിക ഡലഗേററ് മോൺ. കച്ചിയവില്ലൻ വഴി, ആ അനുവാദങ്ങൾ ഉടനടി റദ്ദാക്കപ്പെട്ടു. ഈ റദ്ദാക്കലിനു പിന്നിൽ പ്രവർത്തിച്ച വൈദികമേലദ്ധ്യക്ഷൻ ആരാണെന്ന് ചിലർക്കെങ്കിലും ഊഹിക്കാൻ കഴിയും. ചില അൽമായ പ്രതിനിധികൾക്ക്, എറണാകുളം മെത്രാപ്പോലീത്തൻ അര

www.malankaralibrary.com



മനയിൽ വച്ച് കാർഡി. ലൂർദ്ദുസാമിയെ കാണാൻ അവസാനനിമിഷം, അനുവാദം നൽകപ്പെട്ടു. ആ അൽമായ പ്രതിനിധികളുടെ നീക്കങ്ങളെ നിഴൽപോലെ പിന്തുടർന്നിരുന്ന ഒരു ബ. വൈദികനുണ്ടായിരുന്നു. പിന്നീടന്വേഷിച്ചപ്പോൾ, ചങ്ങനാശ്ശേരി അരമനയിലെ ഒരു വൈദികനാണ് അദ്ദേഹമെന്നു മനസ്സിലായി!

ഏതായാലും റാസക്രമം തങ്ങളുടെ രൂപതകളിൽ നടപ്പിലാക്കാൻ, ഭൂരിപക്ഷം മെത്രാൻമാരും വിസ്സമ്മതിച്ചു. റോമിലേക്കുള്ള നിവേദനങ്ങളും പരാതികളും ഇതിനിടെ തുടർന്നുകൊണ്ടിരുന്നു. പൗരസ്ത്യസംഘം വീണ്ടും ഒരു ലിററർജി കമ്മീഷനെ നിയമിച്ചു. റാസക്രമത്തിൽനിന്ന് ഗണ്യമായ രീതിയിൽ വ്യതിചലിക്കാത്ത ഒരു കുർബാനക്രമം ഉണ്ടാക്കാനാണ് എന്നിട്ടും വത്തിക്കാൻ സംഘം നിർദ്ദേശിച്ചത്, അതിനാൽ ആ ലിററർജി കമ്മീഷൻെറ കരങ്ങളും ബന്ധിതങ്ങൾ തന്നെയായിരുന്നു. ആ കമ്മീഷൻെറ പരിശ്രമഫലമായി രൂപംകൊണ്ടതാണ് 1989 ജൂലൈ 3-ാം തീയതി ഇവിടെ നടപ്പിലായ-ഇപ്പോൾ നിലവിലിരിക്കുന്ന-കുർബാനക്രമം.

1968_ലെ കുർബാനക്രമം റദ്ദുചെയ്യാൻ പൗരസ്ത്യസംഘം തീരുമാനിച്ചത്, എന്തുകൊണ്ടാണെന്ന്, ഇതുവരെയും ആർക്കും പിടികിട്ടിയിട്ടില്ല. പരീക്ഷണത്തിനായി നിർദ്ദേശിക്കപ്പെട്ട ഒരു കുർബാനക്രമത്തെ, ആ പരീക്ഷണത്തിൻെറ ഫലങ്ങൾ എന്തെന്നന്വേഷിക്കാതെയാണ്, റോം തിരസ്ക്കരിച്ചത്. എറണാകുളം തുടങ്ങിയ രൂപതകളിലെ വൈദികരുടെയിടയിൽ നടത്തപ്പെട്ട അന്വേഷണങ്ങളിൽനിന്നു തെളിയുന്നത് 1968-ലെ കുർബാനക്രമം ഏവർക്കും സ്വീകാര്യമായിരുന്നു എന്നത്രേ. എങ്കിൽ അതു റദ്ദാക്കാൻ റോം തീരുമാനിച്ചത്, കൽദായപക്ഷത്തിൻെറ സമ്മർദ്ദം കൊണ്ടു മാത്രമാണെന്ന കാര്യം വ്യക്തമത്രേ.

1989-ലെ കുർബാനക്രമത്തിൽ 1962-ലെ കുർബാനയിലെ അതേ വൈകല്യങ്ങളും അബദ്ധങ്ങളും ആവർത്തി

www.malankaralibrary.com


ച്ചിരിക്കുന്നതു കാണാം. കൽദായപക്ഷത്തിന് ഈ വൈ കല്യങ്ങൾ സ്വീകാര്യമാണ് എന്നതുതന്നെയാണ് ഇതിന്റെ അംഗീകാരത്തിനു കാരണം. അങ്ങിനെ 1962-മുതലുള്ള നമ്മുടെ ആരാധനക്രമ പരിഷ്ക്കരണ ശ്രമങ്ങൾ 1989-ൽ എത്തിനില്ക്കുന്നത് 1962-ലെ കൽദായ കുർബാനയിൽ തന്നെയാണ്. ഈ ഗതികേടിൽനിന്ന് ഉടനെയൊന്നും ന മുക്കു മോചനം ലഭിക്കുന്ന ലക്ഷണമില്ല. അഞ്ചുകൊല്ല ത്തേക്കാണ് പുതിയ കുർബാന അനുവദിച്ചിരിക്കുന്നതെ ങ്കിലും, കാര്യങ്ങൾ ഇങ്ങിനെ നീങ്ങുന്നപക്ഷം, 1994-ൽ ഇതിനേക്കാൾ വികലമായ ഒരു കുർബാനക്രമം നമ്മുടെ മേൽ അടിച്ചേല്പിക്കാൻ സഭയിലെ കൽദായപക്ഷത്തി നു സാധിച്ചേക്കും. ഈ അപകടം നാം മുൻകൂട്ടി കാ ണേണ്ടിയിരിക്കുന്നു.

XX

# 5. ആരൊക്കെയാണ് ഇവർ?

'കൽദായപക്ഷക്കാർ' എന്ന വാക്ക് ഇതിനകം പല തവണ നാം പ്രയോഗിച്ചുകഴിഞ്ഞു. 16-ാം നൂററാണ്ടിനു മുമ്പ്, കേരളത്തിൽ നിലവിലിരുന്നതും, മദ്ധ്യപൂർവ്വ ദേശത്തെ (ഇപ്പോഴത്തെ ഇറാക്കിലെ) കൽദായ സുറിയാനി ക്കാർ, നാലാം നൂററാണ്ടിൽ ഇവിടെ നടപ്പിലാക്കിയതു മായ, ആരാധനക്രമവും ആചാരാനുഷ്ഠാനങ്ങളും, പുന രുദ്ധരിച്ചു വീണ്ടും ഇവിടെ നടപ്പിലാക്കണമെന്നു വാ ദിക്കുന്നവരാണ് കൽദായ വാദികൾ. സഭയിലെ പുരാത നങ്ങളായ ആരാധനക്രമങ്ങൾ നിറുത്തലാക്കരുതെന്നും, കാ ലാനുസൃതമായ രീതിയിൽ അവ പുനരുദ്ധരിച്ചും പരിഷ്ക്കരിച്ചും അനുരൂപപ്പെടുത്തിയും നടപ്പിലാക്കണ മെന്നുമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദ്ദേശി ച്ചിട്ടുള്ളത്.

www.malankaralibrary.com



കേരളത്തിന് സ്വന്തമായ ഒരാരാധനക്രമവും പാരമ്പര്യവും നാലാംനൂററാണ്ടുവരെ ഉണ്ടായിരുന്നു. അത് ഭാരതീയമായിരുന്നു. ഇനിയും നമുക്കാവശ്യമുള്ളത്, ആദ്യനൂററാണ്ടുകളിലെ ആ ആരാധനക്രമത്തിലെ ഘടകങ്ങൾ കണ്ടുപിടിച്ച്, ആവശ്യമായ പരിഷ്ക്കാരങ്ങളും അനുരൂപണങ്ങളും വരുത്തി, കാലാനുസൃതമായ ഒരാരാധനക്രമത്തിനു രൂപം നൽകുക എന്നതാണ്. നാലാം നൂററാണ്ടുവരെയുള്ള നമ്മുടെ ലിററർജിയുടെ രൂപഭാവങ്ങൾ എന്തായിരുന്നുവെന്ന് നിർഭാഗ്യവശാൽ, നമുക്കിന്നറിഞ്ഞുകൂടാ. അതിനാൽ അതിൽനിന്നും കിട്ടാവുന്ന എന്തെങ്കിലുമുണ്ടെങ്കിൽ അതു കണ്ടെടുത്ത്, നമ്മുടെ ദേശീയസംസ്ക്കാരത്തിനും ആധുനികമനോഭാവങ്ങൾക്കും സഭയുടെ നിർദ്ദേശങ്ങൾക്കും അനുസൃതമായ ഒരാരാധനക്രമം രൂപപ്പെടുത്താനാണ് നാമിനിയും ശ്രമിക്കേണ്ടത്. കൽദായസഭയുടെ ആരാധനക്രമവും പാരമ്പര്യങ്ങളും നമ്മുടെമേൽ അടിച്ചേല്പിക്കപ്പെട്ടവയാണ്. അവ മാർത്തോമ്മാക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം വൈദേശികവുമാണ്—ലത്തീൻ കുർബാനക്രമംപോലെതന്നെ. എന്നാൽ ഇക്കാര്യം അംഗീകരിക്കാൻ കൽദായവാദികൾ തയ്യാറല്ല. അവർക്കു വേണ്ടത് കൽദായസഭയുടെ പഴയ രീതികളും ആരാധനക്രമവും തന്നെയത്രെ.

മതമൗലികവാദവും പാരമ്പര്യത്തോടുള്ള അമിതമായ പ്രതിപത്തിയും, ഇന്നത്തെ വിശ്വാസികളുടെ മനോഭാവങ്ങളും ആവശ്യങ്ങളും എന്തെന്നു മനസ്സിലാക്കാനുള്ള വിമുഖതയുമാണ്, കൽദായവാദത്തിൻെറ മുഖമുദ്രകൾ. ഈ ചിന്താഗതിയുമായി (അതായത് കൽദായവാദവുമായി) ബന്ധപ്പെട്ട വ്യക്തികളേയും സ്ഥാപനങ്ങളേയും പററി അല്പം മനസ്സിലാക്കാൻ, അടുത്തതായി ശ്രമിക്കാം. വത്തിക്കാനിലെ പൗരസ്ത്യസംഘം 1950 വരേയും ശക്തമായ രീതിയിൽതന്നെ, കേരളത്തിലെ കൽദായീകരണശ്രമങ്ങളെ എതിർത്തിരുന്നു, എന്നാൽ കേരളത്തിൽനിന്നും പൗരസ്ത്യസംഘത്തിൻെറ ഉപദേഷ്ടാവായി റോമിൽ എത്തിയ ഫാ. പ്ലാസിഡിൻെറ സ്വാധീനശക്

www.malankaralibrary.com



തിക്ക്, അവർ ക്രമേണ വിധേയരായി. പൗരസ്ത്യസംഘത്തിൽ അന്നുണ്ടായിരുന്ന ഫാ. റാസ്, ഫാ. ബെർജർ തുടങ്ങിയവരുടെ പിന്തുണയും പ്രോത്സാഹനവും ഫാ. പ്ലാസിഡിനു ലഭിച്ചു. മേല്പറഞ്ഞ രണ്ടുപേരും പാശ്ചാത്യരായിരുന്നെങ്കിലും, പൗരസ്ത്യമായ ആരാധനക്രമങ്ങളിൽ പാണ്ഡിത്യം നേടിയവർ കൂടിയായിരുന്നു. പൗരസ്ത്യസംഘത്തിലെ ഇപ്പോഴത്തെ ജനറൽ സെക്രട്ടറിയായ മോൺ മറൂസിൻ, കൽദായപക്ഷത്തെ ശക്തിയായി അനുകൂലിക്കുന്ന ആളാണ്. പ്ലാസിഡ്-റാസ്-ബെർജർ-മറൂസിൻമാരുടെ തണലിൽ തഴച്ചുവളർന്ന ഒരു കൽദായലോബിയും, ഇന്ന് പൗരസ്ത്യസംഘത്തിന്റെമേൽ സ്വാധീനം ചെലുത്തുന്നുണ്ട്. ഇൻഡ്യയിലെ വത്തിക്കാൻ പ്രതിനിധി മോൺ, കച്ചിയവില്ലൻ, കൽദായവാദികളെ നിരന്തരം സഹായിച്ചുപോരുന്നു. പുറമെ സുറിയാനിപണ്ഡിതന്മാരായി അറിയപ്പെടുന്ന ഇൻഡ്യയിലെ ഫാ. ഹംബി (ഇദ്ദേഹം ബൽജിയംകാരനാണ്), ജർമ്മൻകാരനായ മഡേയ് തുടങ്ങിയവർ തങ്ങളുടെ സ്വാധീനശക്തി കൽദായപക്ഷത്തിനുവേണ്ടി വിനിയോഗിച്ചുപോരുന്നു. സീറോ-മലബാർ സഭയുടെ ആരാധനക്രമത്തെ വീണ്ടും വിദേശീയമാക്കാൻ ശ്രമിക്കുന്ന ഇവരുടെ ദേശീയവിരുദ്ധ പ്രവർത്തനങ്ങളെ വെളിച്ചത്തുകൊണ്ടുവരാനും തടയാനും നാം ശ്രമിക്കേണ്ടതാണ് (ഇവരിൽ മഡേയ് എന്ന ജർമ്മൻകാരന്റെ വീസാ ഇൻഡ്യാഗവൺമെന്റ് റദ്ദാക്കിയിട്ടുണ്ട്).

സഭയിലെ ലിററർജി പരിഷ്ക്കരണംപോലുള്ള കാര്യങ്ങൾക്ക് വത്തിക്കാന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ അംഗീകാരവും അനുവാദവും പിന്തുണയും ആവശ്യമാണ്. ഇവിടത്തെ കൽദായപക്ഷത്തിന് ഇന്നും പിന്തുണ ആവശ്യത്തിലേറെ ലഭിച്ചുകൊണ്ടാണിരിക്കുന്നതെന്ന് ഇതിനകം വ്യക്തമായല്ലൊ. ഇനിയും കേരളത്തിലേക്കു മടങ്ങാം.

സീറോ-മലബാർ സഭയിൽ ഇന്ന് രണ്ട് അതിരൂപതകളുണ്ട്. ഇതിൽ ചങ്ങനാശ്ശേരിയാണ് കൽദായവാദത്തിന്റെ

www.malankaralibrary.com



കേന്ദ്രമായി ഇന്നു പ്രവർത്തിക്കുന്നത്. അഭിവന്ദ്യ മാർ പവ്വത്തിൽ ഒരു വൈദികനായിരുന്ന കാലംമുതൻ കൽദായപക്ഷക്കാരനായിരുന്നു. ഒരതിരൂപതയുടെ ഭരണാധികാരിയായതോടുകൂടി അദ്ദേഹത്തിന്റെ കൽദായീകരണപരിശ്രമങ്ങൾ വർദ്ധിക്കുകയും കൂടുതൽ വ്യക്തമാവുകയും ചെയ്തു. ഒരു അതിരൂപതയുടെ സാമ്പത്തികശേഷിയും പ്രസ്റ്റീജും സൗകര്യങ്ങളും അദ്ദേഹത്തിന്റെ ഈദൃശപ്രവർത്തനങ്ങളെ കൂടുതൽ സുഗമമാക്കുകയും ചെയ്യുന്നു.

മാർ പവ്വത്തിലിന്റെ ഈദൃശപരിശ്രമങ്ങളിൽ അദ്ദേഹത്തോടൊപ്പം നില്ക്കുന്നവരാണ് പാലാ, കാഞ്ഞിരപ്പള്ളി കോതമംഗലം, തലശ്ശേരി രൂപതകളിലെ മെത്രാന്മാരും, സാററ്നയിലെ ബിഷപ്പായ മോൺ, ഏ.ഡി. മററവും. ഭാവിയിൽ സീറോ-മലബാർ സഭയിലേക്കു നിർദ്ദേശിക്കപ്പെടുന്ന മെത്രാന്മാർ, കൽദായ പക്ഷക്കാരായിരിക്കാൻ വേണ്ടി, ഇപ്പോഴത്തെ കൽദായ പക്ഷക്കാരായ ഈ മെത്രാന്മാർ, റോമിൽ സ്വാധീനം ചെലുത്തിക്കൊണ്ടാണിരിക്കുന്നത്. സമീപഭാവിയിൽ കൽദായചേരിയിലെ ന്യൂനപക്ഷക്കാരായ മെത്രാന്മാർക്ക്, സീറോമലബാർ ബിഷപ്സ് കോൺഫറൻസിൽ ഭൂരിപക്ഷം ലഭിക്കയും ചെയ്യും. ഇപ്പോഴത്തെ പരിതസ്ഥിതിയിൽ ഈ ടെക്നിക്കും വിജയിക്കുന്ന ലക്ഷണമാണു കാണുന്നത്.

കൽദായവാദത്തിന് ആരാധനക്രമ പണ്ഡിതൻമാരുടെയും ദൈവശാസ്ത്ര വിദഗ്ദ്ധരുടെയും ശക്തമായ പിൻബലം ആവശ്യമുണ്ട്. അറുപതുകളുടെ ആരംഭത്തിൽ കോട്ടയത്തെ വടവാതൂരിൽ ആരംഭിച്ച സെൻറ് തോമസ് സെമിനാരിയിലെ ഒരു നല്ല വിഭാഗം പ്രൊഫസറൻമാരും വിദ്യാർത്ഥികളും കഴിഞ്ഞ പത്തിരുപതു വർഷമായി കൽദായ വാദത്തിന് ശക്തമായ പിൻതുണ നൽകിക്കൊണ്ടിരിക്കുന്നു. കൽദായവാദികൾ ലത്തീൻ പാരമ്പര്യങ്ങളെ എതിർക്കുക സ്വാഭാവികമാണല്ലോ. സീറോ_മലബാർ സഭയിൽ ലത്തീൻകാരായ പോർട്ടുഗീസുകാർ കാട്ടിക്കൂട്ടിയ

www.malankaralibrary.com


അതിക്രമങ്ങളെ അപലപിച്ചുകൊണ്ടാണ്, വടവാതൂർ സെമിനാരിയിലെ പ്രൊഫസറൻമാർ വിദ്യാർത്ഥികളുടെയും മററും ശ്രദ്ധ പിടിച്ചുപററാൻ തുടങ്ങിയത്. പോർട്ടുഗീസുകാരുടെ ലത്തീനീകരണ ശ്രമങ്ങളോടുള്ള ഈ എതിർപ്പ്, ക്രമേണ പാശ്ചാത്യ സഭയോടും മാർപാപ്പയോടുപോലുമുള്ള എതിർപ്പായി മാറിയെങ്കിലും, ആ നിലപാടിലെ അപകടം മനസ്സിലാക്കിയപ്പോഠം, അവർ അതിൽനിന്നും ക്രമേണ പിൻവാങ്ങി. കൽദായ പക്ഷക്കാരല്ലാത്തവരെ 'റോമാക്കാർ' എന്നുപോലും വിളിക്കാൻ ആ സെമിനാരിയിലെ ചിലർ മുതിർന്നതായി കേട്ടുകേഠവിയുണ്ട്. ഏതായാലും കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി വടവാതൂർ സെമിനാരിയിൽ, ഏററവും കൂടുതലായും പ്രധാനമായും പഠിപ്പിക്കപ്പെടുന്നത്, ആരാധനക്രമംതന്നെയാണ്. ദൈവശാസ്ത്രവും തത്വശാസ്ത്രവുമെല്ലാം പാഠ്യപദ്ധതിയിലുണ്ട് എന്ന കാര്യം വിസ്മരിക്കുന്നില്ല. പക്ഷേ, ഊന്നൽ നൽകപ്പെടുന്നത് ലിററർജിക്കുതന്നെ. കൽദായവാദികളായ പ്രൊഫസറൻമാർ മുഖേന മസ്തിഷ്ക ക്ഷാളനം ചെയ്യപ്പെട്ട സെമിനാരി വിദ്യാർത്ഥികളിൽ ഒരു നല്ല വിഭാഗം വൈദികരായി പുറത്തിറങ്ങുന്നത്, തികഞ്ഞ കൽദായഭ്രമക്കാരായിട്ടത്രേ. ഇവരിൽ കുറെപ്പേരെങ്കിലും വളരെ സങ്കുചിത മനസ്ക്കരും ധിക്കാരികളും ദൈവശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അജ്ഞരുമായിട്ടാണ് കാണപ്പെടാറുള്ളതും. വടവാതൂർ സെമിനാരിയിലേക്ക്, ഇനിയെങ്കിലും തങ്ങളുടെ മക്കളെ വൈദിക പഠനത്തിനായി അയയ്ക്കാതിരിക്കാൻ, ഇന്നാട്ടിലെ കത്തോലിക്കാ മാതാപിതാക്കഠം ശ്രദ്ധിക്കേണ്ടതാണ്.

വടവാതൂർ സെമിനാരിയിലെ കൽദായ പക്ഷക്കാരായ വൈദികരിൽ പ്രമുഖരാണ് ഫാ. കുടപ്പുഴ, ഫാ. വാവാനിക്കുന്നേൽ, ഫാ. മണ്ണൂരാംപറമ്പിൽ, ഫാ. ചേടിയത്ത്, ഫാ. വെള്ളിയാൻ തുടങ്ങിയവർ. ബാംഗ്ലൂർ ധർമ്മാരാം കോളേജിലെ ഫാ പാത്തികുളങ്ങര, കൽദായ പക്ഷക്കാരനായ ഒരു സി. എം. ഐ വൈദികനത്രേ. ഫാ. പ്ലാസി

www.malankaralibrary.com



ഡിന്റെ പാരമ്പര്യം ഏറ്റു വാങ്ങി, കൽദായ പക്
ക്കാരായി അറിയപ്പെടുന്ന, ധാരാളം വൈദികർ സി. എ
ഐ. സഭയിലുണ്ട്. അവരുടെ പേരുകൾ ഇവിടെ ചേ
ക്കുന്നില്ല.

കൽദായ പക്ഷത്തെ പിന്തുണക്കുന്ന പ്രസിദ്ധ
കരണങ്ങളുടെയും സംഘടനകളുടെയും പേരുകളും നാ
റിഞ്ഞിരിക്കേണ്ടതാണ്. വടവാതൂർ സെമിനാരിയിൽനിന്ന
പ്രസിദ്ധീകരിക്കുന്ന ദുക്റാനാ, ക്രിസ്ത്യൻ ഓറിയന്റ
എന്നീ ആനുകാലികങ്ങൾ വ്യക്തമായും കൽദായ പക്
ത്താണ്. ദീപികപ്പത്രത്തിന്റെ ഓഫീസ് സ്ഥിതി ചെയ്യു
ന്നത് ചങ്ങനാശ്ശേരി രൂപതയിലായതിനാൽ, ലിററർജി
സംബന്ധിച്ച യാതൊരു കാര്യങ്ങളും പ്രസിദ്ധീകര
ക്കാതിരിക്കാൻ അവർ ശ്രദ്ധിക്കുന്നുണ്ട്. ഇതിന്റെ പിന്നി
ലുള്ളത് ചങ്ങനാശ്ശേരി അതിരൂപതയുടെ സമ്മർദ്ദ
തന്നെയാകണം. സി. എം. ഐ. സഭയ്ക്ക് വല്ല മൈത്രി
നേയും ലഭിക്കണമെങ്കിൽ, ഇത്തരമൊരു നിലപാട്, ആവ
ശ്യമാണുതാനും. ഇവിടത്തെ പ്രമുഖ കത്തോലിക്കാ പ്രസി
ദ്ധീകരണങ്ങളിൽ പലതിനേയും കൽദായ പക്ഷക്കാർ
അവിഹിതമായി സ്വാധീനിക്കയോ ഭീഷണിപ്പെടുത്തുക
യോ ചെയ്യുന്നുണ്ട്. അസ്സീസ്സി, കർമ്മലകുസുമം തുടങ്ങിയ
വയുടെ കാര്യം പ്രത്യേകമായും എടുത്തു പറഞ്ഞുകൊ
ള്ളട്ടെ. അങ്ങിനെ ഇവിടത്തെ കത്തോലിക്കരുടെ ആവി
ഷ്ക്കാര സ്വാതന്ത്ര്യത്തിൻമേലും കൽദായപക്ഷം കൈ
വച്ചിരിക്കയാണ്. സത്യദീപം, കുടുംബദീപം തുടങ്ങി
യവ ഇക്കാര്യങ്ങളിൽ ഈയിടെയായി പൂർണ്ണമായും മൗനം
ഭജിക്കയാണ്. എതിർപക്ഷത്തുള്ളവരുടെ ലക്ഷ്യബോ
ധമില്ലായ്മയ്ക്ക് ഉദാഹരണമാണിത്.

ഇവിടത്തെ കത്തോലിക്കാ സംഘടനകളിൽവച്ച് ഏററ
വും പ്രധാനപ്പെട്ടത് കത്തോലിക്കാ കോൺഗ്രസാണല്ലോ.
കത്തോലിക്കാ കോൺഗ്രസിലെ ഭാരവാഹികളെല്ലാം കൽ
ദായ പക്ഷക്കാരാണെന്നു തോന്നുന്നില്ല. എന്നാൽ അടുത്ത
കാലത്തെ അവരുടെ ചില നീക്കങ്ങളും പ്രവർത്തനങ്ങളും
പരിശോധിച്ചാൽ, കൽദായ പക്ഷത്തിനെതിരായ ഒരു

www.malankaralibrary.com



നിലപാടു സ്വീകരിക്കാൻ, അവർക്കു ബുദ്ധിമുട്ടുണ്ടെന്നു മനസ്സിലാക്കാം. അവരുടെ കേന്ദ്ര ഓഫീസ് സ്ഥിതിചെയ്യുന്നതും ചങ്ങനാശ്ശേരി അതിരൂപതയിലാണല്ലോ. യുവദീപ്തി തുടങ്ങിയ സംഘടനകൾ ചങ്ങനാശ്ശേരി അതിരൂപതയിൽ പ്രവർത്തിക്കുന്നവയാണ്. അവരുടെ നിലപാടെന്തായിരിക്കുമെന്ന് തന്മൂലം പ്രത്യേകം എടുത്തു പറയേണ്ടതില്ല.

ആരാധനക്രമത്തിന്റെ പ്രശ്നത്തിൽ കുറെ 'രാഷ്ട്രീയ'വും കടന്നുകൂടിയിട്ടുണ്ട് – 'രാഷ്ട്രീയം' എന്ന പ്രയോഗത്തിന്റെ ഏററവും മോശമായ അർത്ഥത്തിൽ. തങ്ങളുടെ പരിശ്രമങ്ങൾ വിജയിപ്പിക്കാൻവേണ്ടി, എന്തിനും തയ്യാറാകുന്ന ഒരു നിലപാടിലേക്ക് കൽദായപക്ഷക്കാർ നീങ്ങിക്കഴിഞ്ഞിരിക്കുന്നു. റോമിലെ പൗരസ്ത്യസംഘത്തെ സ്വാധീനിക്കാൻ, മദ്ധ്യപൂർവ്വദേശത്തെ കത്തോലിക്കരും അകത്തോലിക്കരുമായ പാത്രിയർക്കീസുമാരേയും മെത്രാൻമാരേയും, ഇവിടത്തെ കൽദായപക്ഷക്കാർ സമീപിച്ചിട്ടുണ്ടെന്നാണ് കേട്ടുകേൾവി. ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മദ്ധ്യപൂർവ്വദേശത്തു നടത്തിയ ഒരു പര്യടനത്തിന്റെ റിപ്പോർട്ടെങ്കിലും പത്രങ്ങളിൽ വന്നിട്ടുണ്ട്. പൗരസ്ത്യസംഘത്തിലെ മറൂസിൻ, വത്തിക്കാൻ സ്റേററ് സെക്രട്ടറി കാർഡിനൽ കസറോളി, ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി മോൺ. കല്ലിയവാല്ലൻ തുടങ്ങിയവർ വഴി, മാർപാപ്പയെ നേരിട്ടു സ്വാധീനിക്കാനും ഇവിടത്തെ കൽദായപക്ഷക്കാർ ശ്രമിക്കുന്നുണ്ടെന്നാണ് അഭിജ്ഞവൃത്തങ്ങളിൽ നിന്നറിയുന്നത്. മോൺ. എ. ഡി. മററം പൗരസ്ത്യസംഘത്തിലെ മോൺ. മറൂസിന്റെ സഹപാഠിയാണെന്നും കേൾക്കുന്നു. കേരളത്തിലെ അകത്തോലിക്കരായ മെത്രാൻമാരെ തങ്ങളുടെ പക്ഷത്തേക്കു കൊണ്ടുവരാനും, ഇവിടത്തെ കൽദായവാദികൾ ശ്രമിക്കുന്നുണ്ട്. അകത്തോലിക്കാ സഭകളുമായുള്ള ഐക്യത്തിനുവേണ്ടി പരിശ്രമിക്കാൻ അടുത്തകാലത്ത്, ഒരു എക്യുമെനിക്കൽ കമ്മീഷൻ ഇവിടെ രൂപീകൃത

www.malankaralibrary.com



മായിട്ടുണ്ട്. മാർ പവ്വത്തിൽ ആ കമ്മീഷന്റെ ചെയർമാനാണ്. കൽദായപക്ഷത്തിനുവേണ്ടി ഒന്നു രണ്ടു മെമ്മോറാണ്ടങ്ങളെങ്കിലും ഇവിടത്തെ ചില അകത്തോലിക്കാ മെത്രാൻമാരെക്കൊണ്ട്, റോമിലേക്കയപ്പിക്കാൻ കൽദായപക്ഷത്തിനു കഴിഞ്ഞിട്ടുണ്ട്. കൽദായ ആരാധനക്രമം ഇവിടെ നടപ്പിലാക്കേണ്ടത്, സഭകൾ തമ്മിലുള്ള ഐക്യത്തിന് അത്യന്താപേക്ഷിതമാണെന്ന്, റോമിനെ ബോദ്ധ്യപ്പെടുത്താൻ, ഈ അകത്തോലിക്കാ മെത്രാൻമാർക്കു കഴിഞ്ഞേക്കും!

സംക്ഷിപ്തമായ ഈ വിവരണത്തിൽനിന്നും ഇവിടത്തെ കൽദായ ചേരിയുടെ സ്വാധീനവും ശക്തിയും എന്തുമാത്രമെന്ന് കുറെയെങ്കിലും ഊഹിക്കാൻ കഴിയും. സമൂഹത്തിലെ നശീകരണശക്തികൾക്കും നിഷേധാത്മക പ്രവർത്തനങ്ങൾക്കുമാണ്, എന്നും എവിടെയും ആക്കവും ശക്തിയും കൂടുതൽ ലഭിക്കാറുള്ളത് എന്ന സാമൂഹ്യശാസ്ത്ര സത്യം, ഇവിടെയും പ്രസക്തമായിരിക്കുന്നു.

www.malankaralibrary.com

# 6. കൽദായപക്ഷത്തിന്റെ ചെയ്തികൾ

സീറോ–മലബാർ സഭയിലെ കൽദായപക്ഷത്തിന്റെ സ്വാധീനത്തെയും ശക്തിയേയും പററിയാണ് ഇതുവരെ ചർച്ച ചെയ്തത്. ഇവർ കേരളത്തിൽ ഇതിനകം ചെയ്തുകൂട്ടിയ ചില കാര്യങ്ങളേപ്പററിയും നാമറിഞ്ഞിരിക്കേണ്ടതുണ്ട്. അവയിലേക്ക് ഇനി വായനക്കാരുടെ ശ്രദ്ധ തിരിക്കുകയാണ്.

1 1962-ൽ പ്രസിദ്ധീകരിച്ചതിന്റെ കൽദായക്കുർബാന മാർപാപ്പയുടെ അംഗീകാരത്തോടുകൂടിയെന്നുപറഞ്ഞ്, ഇവിടെ നടപ്പിലാക്കി. അബദ്ധങ്ങളും പാഷണ്ഡതകളും നിറഞ്ഞതായിരുന്നു ആ കുർബാനക്രമം.

2 1968-ൽ ഇവിടത്തെ എല്ലാ മെത്രാന്മാരും അംഗീകരിച്ചു നടപ്പിലാക്കിയ കുർബാനക്രമത്തിനെതിരെ, അന്നുമുതൽതന്നെ, രഹസ്യപ്രചരണങ്ങൾ ആരംഭിച്ചു.

3 1980–ൽ സീറോ-മലബാർ ബിഷപ്പ്സ് കോൺഫറൻസിൽ പിളർപ്പു സൃഷ്ടിച്ചു.

4 ഭാഷാപരമായ വൈകൃതങ്ങളും പാഷണ്ഡതകളും നിറഞ്ഞ റാസക്രമം, ഒരു വലിയ ഗൂഢതന്ത്രത്തിലൂടെ 1986–ൽ ഇവിടെ നടപ്പിലാക്കി.

5 റാസയിൽനിന്നും കാര്യമായ വ്യത്യാസമൊന്നുമില്ലാത്ത ഒരു കുർബാനക്രമം 1989-ൽ ഇവിടെ നടപ്പിലാക്കിയത്, കൽദായപക്ഷത്തിന്റെ വിജയമാണ്.

6 തങ്ങൾക്കു തോന്നിയരീതിയിൽ കുർബാനക്രമത്തിൽ വ്യത്യാസങ്ങൾ വരുത്താൻ കൽദായപക്ഷത്തെ മെത്രാന്മാർപോലും മുതിർന്നിട്ടുണ്ട്. വടക്കേ ഇൻഡ്യയിൽ ജോലി ചെയ്യുന്ന ഒരു കേരളീയ മെത്രാനെങ്കിലും ഇതിനു

www.malankaralibrary.com


ദാഹരണമാണ്. (സംശയമുള്ളവർ കാർഡ്വി. പാറേക്കാ
ലിൻെറ 'ലിററർജി എൻെറ ദൃഷ്ടിയിൽ' എന്ന ഗ്രന്
പേജ് 127 നോക്കുക).

7 ഒരു പ്രാദേശിക സഭയിൽ ആരാധനക്രമസംബന്
മായ ഗ്രന്ഥങ്ങൾ അച്ചടിക്കാൻ, അവിടത്തെ ബിഷപ്
കോൺഫറൻസിൻെറ അംഗീകാരവും അനുവാദവും വേണ
ഇത്തരം അനുവാദമൊന്നും കൂടാതെ, ഇവിടത്തെ കൽ
യപക്ഷക്കാർ, ലിററർജിഗ്രന്ഥങ്ങൾ അച്ചടിച്ചു പ്രസി
ദ്ധീകരിച്ചിട്ടുണ്ട്.

8 ചങ്ങനാശ്ശേരി അതിരൂപതയിൽനിന്നും വടവാതൂ
സെമിനാരിയിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള ചി
ഗ്രന്ഥങ്ങളിൽ പാഷണ്ഡതകൾ കടന്നുകൂടിയിട്ടുണ്ട്.

9 സൺഡേസ്കൂളുകൾക്കുവേണ്ടി തയ്യാറാക്കിയിട്ടുള
ഗ്രന്ഥങ്ങളിൽപോലും വിശ്വാസവിരുദ്ധങ്ങളായ നില
പാടുകൾ കാണാവുന്നതാണ്.

10 കൽദായപക്ഷത്തിനു സ്വാധീനമുള്ള ചില രൂപ
കളിലെ വൈദികർ നടത്തുന്ന കൂദാശ പരികർമ്മങ്ങളി
ചിലതെങ്കിലും, ക്രമവിരുദ്ധങ്ങളോ അസാധുവോ
ണ്. കുർബാനയിൽ യേശുവിൻെറ യഥാർത്ഥ സാ
ദ്ധ്യമുണ്ടോ എന്നു സംശയിക്കുന്ന വൈദികരുടെ ദിവ
ബലി സാധുവാകുമോ? കുർബാനയിലെ കൂദാശാവച
ങ്ങൾക്കു പ്രാധാന്യമില്ലെന്നു പഠിപ്പിക്കുന്ന പണ്ഡി
രായ വൈദികർ കൽദായപക്ഷത്തുണ്ടല്ലോ.

11 കൽദായപക്ഷക്കാരനായ ഒരു വൈദിക മേലദ്ധ്യ
ക്ഷനു മെത്രാൻപട്ടം നൽകപ്പെട്ടത്, ക്രമവിരുദ്ധമാ
രീതിയിലാണ് ('ലിററർജി എൻെറ ദൃഷ്ടിയിൽ' പേജ്
72 നോക്കുക). ഇതു തികച്ചും ഗൗരവമുള്ള ഒരു കാര്യമല്ലേ

12 മെത്രാൻമാരുടെ പോലും സമചിത്തതയെ തകർക്കാ
കൽദായഭ്രമം എന്തുമാത്രം കാരണമാകാം എന്നതിൻെ
തെളിവാണ്, എറണാകുളത്തെ കത്തീഡ്രൽ ദേവാലയ

www.malankaralibrary.com


തിന്റെ വെഞ്ചിരിപ്പുവേളയിൽ, ചില മെത്രാൻമാർ നടത്തിയ വാക്കൌട്ട്!

13) നിലയ്ക്കൽപ്രശ്നം ഇവിടത്തെ കൽദായപക്ഷക്കാർ കുത്തിപ്പൊക്കിയതാണ്. ഇന്നാട്ടിലെ ഹൈന്ദവരുടെ ഹൃദയങ്ങളിൽ ഒരിക്കലും ഉണങ്ങാത്ത വ്രണമായി അത് അവശേഷിക്കയും ചെയ്യുന്നു. ചില വിവേകമതികൾ യഥാസമയം ഇടപെട്ടില്ലായിരുന്നെങ്കിൽ, കേരളത്തിൽ അത് വർഗ്ഗീയകലാപങ്ങൾക്കു കാരണമാകുമായിരുന്നു.

14) പേരുവയ്ക്കാതെയും, വ്യാജപ്പേരുകളിലും, റോമിലേക്ക് പല മെമ്മോറാണ്ടങ്ങളും അയച്ച്, ഇവിടത്തെ സീറോ-മലബാർ സഭയുടെ അന്തസ്സിനു കളങ്കം വരുത്തുന്നു.

15) കൽദായപക്ഷത്തിന്റെ ദേശീയവിരുദ്ധ നയങ്ങൾക്ക്, മോൺ. കച്ചിയവില്ലൻ പോലുള്ളവരെ, ഉപകരണങ്ങളാക്കുന്നു.

16) വിദേശികളേക്കൊണ്ടുപോലും സീറോ-മലബാർ സഭയ്ക്കെതിരെ പ്രചരണം നടത്തിക്കുന്നു. ജർമ്മൻകാരനായ മഡെയ് ഒരുദാഹരണംമാത്രം.

17) കൽദായപക്ഷത്തിന്റെ ചെയ്തികളേയും നീക്കങ്ങളേയും വിമർശിക്കുന്ന കത്തോലിക്കാ പ്രസിദ്ധീകരണങ്ങളെ ഭീഷണിപ്പെടുത്തുന്നു. കർമ്മലകുസുമം, അസ്സീസി, ചെറുപുഷ്പം തുടങ്ങിയവ ഉദാഹരണങ്ങളാണ്.

18) പൗരസ്ത്യസംഘത്തിൽനിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾപോലും, തോന്ന്യാസമായി മറച്ചുവയ്ക്കുകയോ വളച്ചൊടിച്ചു വ്യാഖ്യാനിക്കുകയോ ചെയ്യുന്നു. 1989-ലെ ക്രമം ഒററക്കുർബാനമാത്രമായി പുസ്തകരൂപത്തിൽ അച്ചടിക്കാൻ റോം അനുവദിച്ചിരുന്നു. എന്നാൽ റാസ, പാട്ടുകുർബാന, ഒററക്കുർബാന എന്നിവ ഒരുമിച്ചു മാത്രമേ അച്ചടിക്കാവൂ എന്നാണ് കൽദായപക്ഷക്കാരായ ചില മെത്രാൻമാർ നിർബന്ധിച്ചത്.

www.malankaralibrary.com



19) സർവ്വോപരി കൽദായപക്ഷക്കാരുടെ കഴിഞ്ഞ അനേകകൊല്ലത്തെ നിരന്തര പരിശ്രമങ്ങളുടെ ഫലമായി കേരളത്തിലെ സീറോമലബാർ സഭ ഇന്നു രണ്ടായി പിളർന്നിരിക്കുന്നു. ആരാധനക്രമത്തിന്റെ മേഖലയിൽ ഇന്നു നടമാടുന്നത്, തികഞ്ഞ അരാജകത്വമാണ്. രൂപതകൾ തമ്മിൽ മാത്രമല്ല ഈ അനൈക്യവും അന്തരങ്ങളും ഇന്നു നിലനില്ക്കുന്നത്. ഓരോ രൂപതയിലെ വിവിധ ഇടവകകളിൽ ഇന്നു വിവിധ രീതികളിലാണ് കുർബാന നടക്കുന്നത്. സന്ന്യാസാശ്രമങ്ങളിലും സെമിനാരികളിൽപോലും, പലരും പലരീതിയിൽ ബലി അർപ്പിക്കുന്നു. ചിലർ മുമ്പോട്ടു തിരിഞ്ഞും, ചിലർ പുറകോട്ടു തിരിഞ്ഞും; ചിലർ ഇപ്പോഴും 1968-ലെ കുർബാന ചൊല്ലുന്നു, ചിലർ ബേമ്മ ഉപയോഗിക്കുന്നു. ചിലർ കൂദാശവചനങ്ങൾ സുറിയാനിയിൽത്തന്നെ ചൊല്ലുന്നു. ചില പള്ളികളിൽ കുർബാനസമയത്തുപോലും വിരിയിട്ട് മദ്ബഹ മറയ്ക്കുന്നു. വ്യത്യസ്ത രൂപതകളിലെയോ ഇടവകകളിലെയോ രണ്ടു വൈദികർ ഇന്നു കണ്ടുമുട്ടുമ്പോൾ, ആദ്യം അന്വേഷിക്കുന്നത് 'അച്ചൻ ഏതു കുർബാനയാണ് ചൊല്ലുന്നത്', 'എങ്ങിനെ ചൊല്ലുന്നു' എന്നൊക്കെയത്രെ!

20) ഇതിന്റെയെല്ലാം ഫലമായി, അൽമായർക്ക് ഇന്ന് സഭാകാര്യങ്ങളിലോ ആരാധനക്രമത്തിലോ ഒരു താല്പര്യവുമില്ലാതായിരിക്കുന്നു. വൈദികരും മെത്രാൻമാരും തമ്മിലും ഹയരാർക്കിയും ദൈവജനവും തമ്മിലുമുള്ള ഐക്യം പാടെ തകർന്നിരിക്കുന്നു. കത്തോലിക്കാസമുദായത്തിലെ ഈ അനൈക്യത്തിൽനിന്ന് മുതലെടുക്കാൻ ശ്രമിക്കുന്ന ഇവിടത്തെ ഇടതുപക്ഷഗവൺമെൻറ്, ന്യൂനപക്ഷാവകാശങ്ങളെ നിഷ്കരുണം അവഗണിക്കുന്നു. സർക്കാരിന്റെ നീക്കങ്ങൾക്കെതിരെ രംഗത്തിറങ്ങാൻ കത്തോലിക്കാ സമുദായത്തിൽനിന്ന് ഇനി എത്രപേരെ കിട്ടുമെന്ന് കണ്ടറിയുകതന്നെ വേണം. ഒരു നിവൃത്തിയുമില്ലാതായപ്പോൾ, തന്റെ കീഴിലുള്ള ഒരു യുവജനസംഘടനയിലെ കുറെ അംഗങ്ങളെ തെരുവിലിറക്കാൻ കൽദായപ

www.malankaralibrary.com


ക്ഷക്കാരനായ ഒരു വൈദികമേലദ്ധ്യക്ഷൻ ശ്രമിക്കുകയു
ണ്ടായി. ആ പ്രകടനം ഒരു ദയനീയ പരാജയമായി
രുന്നുതാനും.

'ഇത്രയേറെ തിന്മകൾ ചെയ്യാൻ മതത്തിനു സാധി
ച്ചു' എന്ന് ലുക്രിഷിയസ് എന്ന റോമൻ കവി പാടുക
യുണ്ടായി. ഇത്രയേറെ ചിന്താക്കുഴപ്പങ്ങളും അനൈക്യ
വും സൃഷ്ടിക്കാൻ ഇവിടത്തെ കൽദായപക്ഷത്തിനു ക
ഴിഞ്ഞു. അതിനെ ഒരു നേട്ടംതന്നെയായി അവർ കണ
ക്കാക്കുകയും ചെയ്യുന്നു!

# 7. കൽദായപാരമ്പര്യം

## (അതിന്റെ സ്വഭാവവും ഉള്ളടക്കവും)

കൽദായസഭയുടെ ആരാധനക്രമവും പാരമ്പര്യങ്ങളും
ഉൾക്കൊള്ളുന്നതുകൊണ്ട്, എന്തു കുഴപ്പമാണുണ്ടാകാൻ
പോകുന്നതെന്ന്, ചിലരെങ്കിലും ചോദിച്ചേക്കാം. കൽദാ
യപാരമ്പര്യം എത്ര നല്ലതാണെങ്കിലും നമുക്കിന്നാവശ്യ
മുള്ളത്, ഭാരതീയവും കേരളീയവുമായ സാംസ്കാരിക
പൈതൃകത്തിന്റെ അംശങ്ങൾ ഉൾക്കൊള്ളുന്നതും ആധു
നികവുമായ ഒരാരാധനക്രമമാണ്. പുരാതനങ്ങളായ അ
നാഫറകളെ അപ്പാടെ തള്ളിക്കളയണമെന്ന്, ആരും വാദി
ക്കുന്നില്ല. ചരിത്രപരവും വിശ്വാസപരവുമായ പല ഉ
ന്നതമൂല്യങ്ങളും ഉൾക്കൊള്ളുന്ന അനാഫറകൾ സഭയിലു
ണ്ട്. അവ നമുക്കുപയോഗിക്കാം. എന്നാൽ പുതിയ അ
നാഫറകൾക്കു രൂപംകൊടുക്കാനുള്ള സ്വാതന്ത്ര്യവും നമു
ക്കുണ്ട്. ലിറ്റർജിയുടെ- കൽദായലിറ്റർജിയുടെ- പുനരു
ദ്ധാരണം എന്ന നിലപാടിൽ മാത്രം കടിച്ചുതൂങ്ങുന്ന

www.malankaralibrary.com



കൽദായവാദികളുടെ നിലപാടാണ് നമുക്കു സ്വീകാര്യമല്ലാത്തത്. ആപേക്ഷികമായ സ്വയംഭരണ സ്വാതന്ത്ര്യവും വ്യക്തിത്വവുമുള്ള ഒരു പ്രാദേശികസഭയായി സീറോമലബാർ സഭ രൂപാന്തരപ്പെടണമെങ്കിൽ, രണ്ടാംവത്തിക്കാൻ കൗൺസിൽ ലിററർജി പരിഷ്ക്കരണത്തിനായി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളെ നാം അംഗീകരിച്ചേ മതിയാവൂ.

ഇറാക്കിലെ ബാബിലോൺ നഗരമാണ് കൽദായ പാത്രിയർക്കീസിന്റെ ഇപ്പോഴത്തെ ആസ്ഥാനം. ബാബിലോണിലും സമീപപ്രദേശങ്ങളിലും പുരാതനകാലത്തു ജീവിച്ചിരുന്ന വർഗ്ഗക്കാരെയാണ് കൽദായർ എന്നുവിളിക്കുന്നത്. ഈ വർഗ്ഗക്കാരുടെയിടയിൽ ക്രിസ്തുമതം പ്രചരിച്ചപ്പോൾ, പലസ്തീനായിലെ സുറിയാനിഭാഷ അവിടെയും പ്രചരിച്ചു. അതാണ് കൽദായ സുറിയാനി ഭാഷ. കൽദായർ വളരെയേറെ പഴക്കവും പാരമ്പര്യവുമുള്ള ഒരു ജനതയാണ്. പഴയ ബാബിലോൺ സാമ്രാജ്യം ഛിന്നഭിന്നമായപ്പോൾ അവിടെയുണ്ടായിരുന്ന ജനങ്ങളെയെല്ലാം ഗ്രീക്കുകാർ വിളിച്ചിരുന്നത് കൽദായർ എന്നാണ്. കൽദായർ ഒരു സെമിററിക് വർഗ്ഗമാണ്.

കൽദായജനതയുടെ ഏററവും പ്രധാനപ്പെട്ട സവിശേഷതകളിലൊന്ന് യുക്തിഗത (Rational) മായ ചിന്തയോടും നിലപാടുകളോടുമുള്ള അവരുടെ വിപ്രതിപത്തിയത്രെ. ജ്യോതിഷം, മന്ത്രവാദം, പ്രശ്നംവയ്ക്കൽ തുടങ്ങിയവ അവരുടെയിടയിൽ വ്യാപകമായി പ്രചരിച്ചിരുന്നത് ഇക്കാരണത്താലാണ്. ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്താലും, ഒരു ജനതയുടെ സംസ്കാരവും മനോഭാവങ്ങളും മുഴുവൽ, ഉടനടി മാറിമറിയുകയില്ല. കൽദായജനതയുടെ സംസ്ക്കാരവും മനോഭാവങ്ങളും കൽദായസഭയുടെ പാരമ്പര്യങ്ങളിലും പ്രതിഫലിക്കുക തന്നിമിത്തം തികച്ചും സ്വാഭാവികമത്രെ. ഉന്നതൻമാരായ ദൈവശാസ്ത്രജ്ഞർക്കോ, ക്രിസ്തീയപണ്ഡിതൻമാർക്കോ ജന്മമേകാൻ കൽദായസഭയ്ക്കു കഴിഞ്ഞി

www.malankaralibrary.com


ല്ല. ആ സഭയുടെ വളർച്ചയും വികാസവും വേഗത്തിൽ മുരടിച്ചുപോയത് ഇക്കാരണത്താലാണ്. അതേസമയം ഗ്രീസ്, റോം തുടങ്ങിയ പ്രദേശങ്ങളിലെ ക്രിസ്തീയ സഭകളിൽ വിശ്വവിഖ്യാതരായ പണ്ഡിതൻമാരും ദൈവ ശാസ്ത്രജ്ഞരും ആദ്യനൂററാണ്ടുകൾമുതൽ തന്നെ ഉയർന്നുവന്നു. റഷ്യ, ഗ്രീസ് തുടങ്ങിയ പ്രദേശങ്ങളിലെ ഓർത്തോഡോക്സ് സഭകളിലും ആധുനികകാലത്ത് പ്രശസ്തരായ നിരവധി സഭാനേതാക്കളും ക്രിസ്തീയ ചിന്തകരും ഉയർന്നുവന്നിട്ടുണ്ട്. വികസ്വരമായ ചിന്തയുടെ അഭാവത്തിൽ, സഭാസംവിധാനങ്ങളേയും ഘടനകളേയും വൈവിധ്യവൽക്കരിക്കാനോ നവീകരിക്കാനോ ഒന്നും കൽദായസഭയ്ക്ക്, ഒരിക്കലും സാധിച്ചിട്ടുമില്ല. ഇങ്ങിനെയുള്ള ഒരു പ്രാദേശികസഭയുടെ കീഴിൽ പത്തുപന്ത്രണ്ടു നൂററാണ്ടുകൾ കേരളസഭയ്ക്കു കഴിയേണ്ടിവന്നു.

16-ാം നൂററാണ്ടുവരെ കേരളസഭയ്ക്ക് ഒരു പുരോഗതിയും ഉണ്ടാകാതിരുന്നതിന്റെ പ്രധാനകാരണം ഇതത്രെ. അധികാരപ്രവണത, വൈദികരോടും അൽമായരോടുമുള്ള തികഞ്ഞ അവഗണന, പാരമ്പര്യത്തോടും മാമൂലുകളോടുമുള്ള അന്ധമായ പ്രതിപത്തി, ദൈവശാസ്ത്രം, തത്ത്വചിന്ത തുടങ്ങിയവയോടുള്ള ആഭിമുഖ്യക്കുറവ് തുടങ്ങിയ കാര്യങ്ങളെല്ലാം, ഇറാക്കിലെ കൽദായസഭയുടെ പ്രത്യേകതകളാണ്-ഇന്നും. ഇങ്ങിനെയുള്ള ഒരു സഭയുടെ പാരമ്പര്യങ്ങൾ, തികച്ചും ആധുനികങ്ങളായ നിലപാടുകളും മനോഭാവങ്ങളും പുലർത്തുന്ന സീറോ-മലബാർ സഭയുടെമേൽ വീണ്ടും അടിച്ചേല്പിക്കാൻ ശ്രമിക്കുന്നവർ, ഇവിടത്തെ സഭയെ സ്നേഹിക്കുന്നവരോ, അതിന്റെ ഭാവിയിൽ തൽപരരോ അല്ലതന്നെ. കൽദായ പാരമ്പര്യത്തിലുൾപ്പെടുന്ന സുപ്രധാനങ്ങളായ ചില ഘടകങ്ങളെപ്പററി ഇനി പ്രസ്താവിക്കാം.

1) കൽദായസഭ ദീർഘകാലത്തേക്ക് (12 നീണ്ട നൂററാണ്ടുകൾ) നെസ്തോറിയൻ പാഷണ്ഡതയിൽ ഉൾപ്പെട്ടിരുന്നു. ഈ പാഷണ്ഡതയെ ഇവിടെ വീണ്ടും പ്രചരിപ്പിക്കാൻ കൽദായപക്ഷക്കാർ ശ്രമിച്ചു വരുന്നു.

www.malankaralibrary.com



2) കുരിശുവരയ്ക്കുന്നത് വലത്തുനിന്ന് ഇടത്തോട്ടായിരിക്കണമെന്ന് കൽദായർക്കു നിർബന്ധമുണ്ട്. കൽദായ സുറിയാനിയും അറബി തുടങ്ങിയ ഭാഷകളും വലത്തുനിന്ന് ഇടത്തോട്ടാണ് എഴുതുക. എന്നാൽ കേരളത്തിൽ ഈ സമ്പ്രദായം നിർബന്ധിതമാക്കുന്നത് തികച്ചും അനുചിതമായിരിക്കും.

3) ദിവ്യബലിയിൽ പുളിച്ച അപ്പംതന്നെ ഉപയോഗിക്കണമെന്ന് കൽദായർക്കു നിർബന്ധമുണ്ട്. പുളിച്ച അപ്പം ലഭ്യമല്ലാത്തതിനാൽ, പൗരസ്ത്യസംഘത്തിൽനിന്ന് ഇവിടെയെത്തിയ ചില വൈദികർ, ഇവിടെയായിരുന്ന ദിവസങ്ങളിലൊന്നും ദിവ്യബലി അർപ്പിക്കാതെ മടങ്ങിപ്പോയിട്ടുണ്ട്. പുളിച്ച അപ്പം കുർബാനയിൽ ഉപയോഗിച്ചാൽ, അടുത്ത ദിവസത്തേക്ക് അതു ചീത്തയാകാതെ സൂക്ഷിച്ചുവയ്ക്കുക സാദ്ധ്യമല്ലല്ലോ. അങ്ങിനെ വരുമ്പോൾ സക്രാരിയിൽ വി. കുർബാന സൂക്ഷിക്കുന്ന സമ്പ്രദായവും ഇല്ലാതാകും (സക്രാരി ഫ്രിഡ്ജല്ലല്ലോ). വാസ്തവത്തിൽ ഇതുതന്നെയാണ് കേരളത്തിലെ കൽദായവാദികൾ ആഗ്രഹിക്കുന്നതും.

4) ദിവ്യകാരുണ്യ സന്നിധിയിൽ വിസീത്താ, വാഴ്വ്, നാല്പതുമണി ആരാധന എന്നിവ കൽദായ പാരമ്പര്യത്തിൽ ഉൾപ്പെടുന്നില്ല. കേരളത്തിൽ ഇവയെല്ലാം നിറുത്തലാക്കാനുള്ള സാദ്ധ്യത, തൻമൂലം തള്ളിക്കളയാനാവില്ല. ഒക്ടോബർ മാസത്തെ കൊന്ത നമസ്കാരത്തെപ്പററി കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളററിനിൽ 'കൊന്ത ചൊല്ലുന്ന പതിവ് ഇപ്പോഴും നിലനില്ക്കുന്നുണ്ടല്ലോ, അതു തുടരാവുന്നതാണ്'' എന്നാണ് അറിയിച്ചിരുന്നത്. അത് പ്രോത്സാഹിപ്പിക്കുന്നു എന്നല്ല, tolerate ചെയ്യുന്നു എന്നർത്ഥം. നാളെ അതു നിർത്തലാക്കേണ്ടതുതന്നെ എന്നു ധ്വനി!

5 ദിവ്യബലിയുടെ അവസാനം അവശേഷിക്കുന്ന തിരുവോസ്തികളെല്ലാം, വൈദികൻ ഭക്ഷിച്ചുകൊള്ളണമെന്ന് ... ടെ പൗരസ്ത്യസംഘം നിർദ്ദേശിക്കയുണ്ടായി.

www.malankaralibrary.com


തല്ക്കാലത്തേക്ക് ഇതു വേണ്ടെന്നു വച്ചിരിക്കയാണ്. ഭാവിയിൽ ഇതും നടപ്പിലായെന്നുവരാം.

6) പാപസങ്കീർത്തനം എന്ന കൂദാശയുടെ ആവശ്യകതയെ ചോദ്യം ചെയ്യുന്ന ഒരു ലിററർജി പണ്ഡിതനെങ്കിലും കൽദായപക്ഷത്തുണ്ട്. വളരെ സ്വാധീനമുള്ള അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ ഇവിടത്തെ കൽദായപക്ഷക്കാർ കണക്കിലെടുക്കാതിരിക്കുമോ?

7) പലരിൽനിന്നും സ്വീകരിക്കുന്ന കുർബാന ധർമ്മം കൊണ്ട്, ഒരു കുർബാനമാത്രം ചൊല്ലി 'കടം തീർക്കുന്ന' സമ്പ്രദായം, കൽദായസഭയിലുണ്ട്-കേരളത്തിലെ യാക്കോബായസഭയിലും. അതും ഇവിടെ നടപ്പിലാക്കാൻ പാടില്ലായ്കയില്ല.

8) എല്ലാ ദിവസവും കുർബാന ചൊല്ലുന്ന പതിവ് കൽദായസഭയിലില്ല. ഇവിടെയും ആ രീതി നടപ്പിലാക്കാൻ കൽദായവാദികൾ ശ്രമിക്കാതിരിക്കുമോ?

9) കാനോന നമസ്ക്കാരം കൽദായപാരമ്പര്യത്തിൽ നിർബന്ധിതമല്ല. ഇപ്പോൾതന്നെ കാനോന നമസ്ക്കാരം ചൊല്ലുന്നതു ബുദ്ധിമുട്ടായി കരുതുന്ന വൈദികർക്ക്, ഇത് സൗകര്യമായിരിക്കും.

10 ദേവാലയങ്ങളെല്ലാം കിഴക്കോട്ടു തിരിച്ചുവയ്ക്കുക, അവയിലെ പ്രതിമകളും കുരിശുരൂപങ്ങളും എടുത്തുമാററുക, മദ്ബഹകൾ വിരിയിട്ടു മറയ്ക്കുക തുടങ്ങിയവ കൽദായപാരമ്പര്യത്തിൻെറ ഭാഗങ്ങളാണ്.

11 ജപമാല, കുരിശിൻെറ വഴി, നൊവേനകൾ ഇവ കൽദായ സഭയുടെ പൈതൃകങ്ങളിൽ പെടുന്നവയല്ല.

12 ഇപ്പോൾ നാം വണങ്ങുന്ന വിശുദ്ധരിൽ ഭൂരിപക്ഷവും പാശ്ചാത്യരാണ്_വിശുദ്ധരായ ഗീവർഗീസ്, സെബസ്ത്യാനോസ്, അന്തോനീസ്, കൊച്ചുത്രേസ്യാ, ജോൺമരിയ വിയാനി, വിൻസൻറ് ഡി. പോൾ തുടങ്ങി

www.malankaralibrary.com



യവർ. ഇവരെ ബഹിഷ്ക്കരിച്ച്, പകരം പൗരസ്ത്യസ ഭയിലെ വിശുദ്ധരെ വണങ്ങാൻ കൽദായപക്ഷക്കാർ ഇപ്പോഠംത്തന്നെ ആഹ്വാനം ചെയ്തുതുടങ്ങിയിട്ടുണ്ട്. കൽ ദായകാലഘട്ടത്തിൽ ഇവിടെ വണങ്ങപ്പെട്ടിരുന്നതായി ച രിത്രമുളള സാപ്പോറും പ്രോത്തും (കന്തീശങ്ങഠം) നെസ് തോറിയൻ പാഷണ്ഡികളായിരുന്നു. അങ്കമാലിയിലെ കിഴക്കേപളളിയിൽ ഇവരുടെ പ്രതിമകഠം അടച്ചുവച്ചിട്ടു ണ്ടെന്നാണ് കേഠംവി. അവരുടെ നാമധേയത്തിലായിരുന്ന ആ പളളി പോർട്ടുഗീസുകാരുടെ കാലഘട്ടത്തിലാണ് വി. ഗർവാസീസിൻെറയും പ്രോത്താസീസിൻെറയും പേ രിലാക്കിയത്.

13 ദിവ്യബലിസമയത്തു വൈദികൻ ജനങ്ങളെ അഭിമു ഖീകരിക്കുന്നത് കൽദായർക്ക് ഇഷ്ടമല്ല തന്നെ. നിവൃ ത്തിയുളളിടത്തോളം വൈദികൻ ജനങ്ങളിൽനിന്ന് അകന്നുനിലകൊളളണമെന്നതാണ് കൽദായ നിലപാട്. എന്നാൽ ഇന്നത്തെ സാക്ഷാൽ കൽദായസഭയിൽ ജനാഭി മുഖ ദിവ്യബലിയാണു പ്രാബല്യത്തിലുളളത്. ആരാധ നക്രമസംബന്ധമായ കാര്യങ്ങളിൽ, ചില മെത്രാന്മാർ അല്മായരുമായി ആലോചനകഠം നടത്തിയതിനെ, കൽ ദായ പക്ഷക്കാർ ശക്തമായ രീതിയിൽ അപലപിക്കയു ണ്ടായി.

14 മുട്ടുകുത്തുന്നതും കൈകൂപ്പുന്നതും കൽദായരീതി ക്ക് ചേർന്നതല്ല. കുർബാനസമയം മുഴുവൻ ജന ങ്ങഠം എഴുന്നേററു നിൽക്കണമെന്നാണ് അവർ നിർബന്ധി ക്കുന്നത്.

15 പാപ്പാദിനം, പത്രോസിൻെറ കാശ് തുടങ്ങിയവ പി രിക്കുന്നതിനെ കൽദായ പക്ഷക്കാർ എതിർക്കുന്നു. മാർപാപ്പായോടും സാർവ്വത്രിക സഭയോടുമുളള നമ്മുടെ ബന്ധങ്ങളെ അവർ ഇഷ്ടപ്പെടുന്നുമില്ല.

16 'റൂബ്രിസിസം' കൽദായ ലിററർജിയുടെ ഒരു പ്ര ത്യേകതയാണ്. അർത്ഥമില്ലാത്ത നിരവധി കർമ്മവിധി

www.malankaralibrary.com



കളും ആംഗ്യങ്ങളും ചലനങ്ങളും നമ്മുടെ പുതിയ കുർബാനയിൽ സ്ഥലം പിടിച്ചിട്ടുള്ളത് ഇക്കാരണത്താലത്രേ.

17 ക്ലെറിക്കലിസത്തെ (വൈദികമേധാവിത്വം) അങ്ങേയററം പ്രോത്സാഹിപ്പിക്കുന്ന ഒരു നിലപാടാണ് കൽദായപക്ഷത്തിൻേറത്. ദിവ്യബലി വേളയിൽ, അങ്ങയുടെ പൗരോഹിത്യത്തെ ദൈവം മഹത്ത്വപ്പെടുത്തട്ടെ. 'മിശിഹായുടെ തിരുശ്ശരീരം വിഭജിച്ച വൈദികനെ മാലാഖമാർ സൂക്ഷിച്ചു വീക്ഷിക്കുന്നു' തുടങ്ങിയ ഭാഗങ്ങൾ ജനങ്ങളെക്കൊണ്ട് 'ബലമായി' അവർ ചൊല്ലിക്കുന്നതു ശ്രദ്ധിക്കുക.

കൽദായ പാരമ്പര്യത്തിലെ ഈ ഘടകങ്ങളെല്ലാം ഒന്നിച്ചും ഒററയടിക്കും സീറോ-മലബാർ സഭയിൽ നടപ്പിലാക്കാൻ ഇവിടത്തെ കൽദായ പക്ഷക്കാരോ പൗരസ്ത്യസംഘമോ മുതിരുമെന്നു തോന്നുന്നില്ല. പടിപടിയായുള്ള കൽദായീകരണ (Progressive Chaldeanisation) മാണ് തങ്ങളുടെ ലക്ഷ്യമെന്ന് പൗരസ്ത്യസംഘം തന്നെ മുമ്പൊരിക്കൽ പ്രസ്താവിച്ചിട്ടുമുണ്ട്. കൽദായീകരണത്തിൻെറ ആദ്യപടികളാണ് റാസയും 1989_ലെ കുർബാനക്രമവും. അഞ്ചുകൊല്ലം കഴിയുമ്പോൾ എന്തൊക്കെ സംഭവിക്കുമെന്ന് ഇപ്പോൾ മുൻകൂട്ടിപറയുക വിഷമമാണ്, അതിനു മുമ്പ് ശക്തമായ രീതിയിൽ നാം പ്രതികരിക്കുന്നില്ലെങ്കിൽ. കൽദായ പക്ഷത്തിൻെറ പൂച്ചകളിൽ ചിലതുമാത്രമേ ചാക്കിനു പുറത്തുചാടിയിട്ടുള്ളൂ. കൂടുതൽ ഉഗ്രന്മാരായ മാർജ്ജാരവീരന്മാർ തക്കം പാർത്ത്, ചാക്കുകളിൽ തന്നെ കഴിയുകയാണ്. അവരെ സൂക്ഷിക്കുക!

www.malankaralibrary.com

# 8. 1989 - ലെ കുർബാനക്രമം

1989 ജൂലൈ 3 മുതൽ നടപ്പിലാക്കണമെന്ന് പൗരസ്ത്യസംഘം നിർദ്ദേശിച്ചതും, ആഗസ്റ്റ് 15-ാം തീയതി മുതൽ യഥാർത്ഥത്തിൽ നടപ്പിൽ വന്നതുമായ കുർബാനക്രമം, റാസക്രമത്തെ അടിസ്ഥാനമാക്കിയുള്ളതും, അതിന്റെ സംക്ഷിപ്തരൂപവുമാണ്. 1962-ലെ കുർബായക്രമത്തിലെയും 1986-ലെ റാസക്രമത്തിലെയും തെറുകൾ ഈ പുതിയ കുർബാനയിലും ആവർത്തിച്ചിട്ടുണ്ട്. സീറോ-മലബാർ സഭയിലെ ഭൂരിപക്ഷ മെത്രാൻമാരും വൈദികരും അൽമായരും ശക്തിയായി എതിർത്തിട്ടും, ഇതുപോലൊരു കുർബാനക്രമം ഇവിടെ നടപ്പിലാക്കാൻ വത്തിക്കാൻ സംഘത്തിനു സാധിച്ചത്, കൽദായപക്ഷത്തിന്റെ സമ്മർദ്ദം മൂലമാണ്. സഭയിൽ എങ്ങിനെയും സമാധാനവും യോജിപ്പും കൈവരട്ടെയെന്നു കരുതി മാത്രമാണ് ഭൂരിപക്ഷക്കാരായ മെത്രാൻമാർ ഈ പുതിയ കുർബാനക്രമത്തെ അംഗീകരിച്ചത്. എന്നാൽ ഇത്തരത്തിലുള്ള ഒരംഗീകരണത്തെ കൽദായപക്ഷക്കാർ എങ്ങിനെ വീക്ഷിക്കുമെന്ന് പലരും ചിന്തിച്ചില്ല. ഇപ്പോഴത്തെ കുർബാന, ഇവിടെ ഭാവിയിൽ നടപ്പിലാക്കാൻ പോകുന്ന സമഗ്രമായ കൽദായീകരണ പദ്ധതിയുടെ ആദ്യപടി മാത്രമാണ്. അഞ്ചു കൊല്ലത്തേക്ക് ആരും ഇതിനെതിരായി ഒരു പ്രതിഷേധവും പ്രകടിപ്പിക്കാതിരുന്നാൽ, അഞ്ച് കൊല്ലം കഴിയുമ്പോൾ, കൽദായവാദികളും പൗരസ്ത്യസംഘവും നമ്മുടെ തലയിൽ വച്ചുകെട്ടുന്നത് എന്തായിരിക്കുമെന്നറിഞ്ഞുകൂടാ. അതുകൊണ്ടാണ് ഈ പുതിയ കുർബാനക്രമത്തെ ഇപ്പോൾ മുതൽ നാം എതിർക്കണമെന്നു പറയുന്നത്. എതിർക്കുക എന്നതിന്റെ അർത്ഥം ഈ കുർബാന ചൊല്ലാതിരിക്കുക എന്നല്ല. സാധുവായതും നിയമാനുസൃതവുമായ ഒരു കുർബാനക്രമമെന്നനിലയിൽ, നമ്മുടെ വൈദികർ ഈ

www.malankaralibrary.com



കുർബാന ചൊല്ലുന്നതിനെ അപലപിച്ചുകൂടാത്തതാണ് (അവരെ ഇതിനു നിർബന്ധിക്കണമോ എന്നത് മറെറാരു കാര്യമത്രെ).

1989-ലെ കുർബാനക്രമം സാധുവാണ്, നിയമാനുസൃതമാണ് എന്നൊക്കെ മുകളിൽ സൂചിപ്പിച്ചല്ലൊ. അധികാരമുള്ള വൈദികൻ, (അതായത് സാധുവായ രീതിയിൽ പട്ടം ലഭിച്ച വൈദികൻ) സഭയുടെ അംഗീകാരത്തോടും അനുവാദത്തോടുംകൂടി, കൂദാശാ വചനങ്ങൾ ചൊല്ലി അപ്പവും വീഞ്ഞും കൂദാശ ചെയ്യുമ്പോൾ, അത് യേശുവിൻെറ തിരുശ്ശരീരരക്തങ്ങളായി മാറുന്നു. ഇതാണ് സാരാംശഭേദം. സാരാംശഭേദത്തിലൂടെയാണ് യേശു കുർബാനയിൽ യഥാർത്ഥമായി സന്നിഹിതനാകുന്നത്. യേശുവിൻെറ തിരുശ്ശരീരരക്തങ്ങളാണ് പിതാവിന് ബലിയായി അർപ്പിക്കപ്പെടുന്നതും. കുർബാനയുടെ സാധുതയുടെ അടിസ്ഥാനം ഇക്കാര്യങ്ങളാണ്. കുർബാന സാധുവായിരുന്നാൽമാത്രംപോരാ. സഭയുടെ നിയമങ്ങൾക്കനുസൃതമായിരിക്കുകയും വേണം. ചില വൈദികർ കുർബാന ചൊല്ലരുതെന്ന്, ചില കാരണങ്ങളാൽ, സഭ ആജ്ഞാപിക്കാറുണ്ട്. ഇപ്രകാരം മുടക്കപ്പെട്ട വൈദികർ കുർബാന ചൊല്ലിയാൽ, ആ കുർബാന സാധുവായിരിക്കും. പക്ഷേ, അത് നിയമവിരുദ്ധവുമായിരിക്കും.

ഇനിയും 1989-ലെ കുർബാനക്രമത്തെപ്പററി വളരെ സംക്ഷിപ്തമായി ചില കാര്യങ്ങൾ സൂചിപ്പിക്കാം. പലതരം തെററുകളും ക്രമക്കേടുകളും അബദ്ധങ്ങളും ഈ കുർബാനക്രമത്തിലുണ്ട്. അവയെപ്പററിയുള്ള വിശദമായ ഒരു ചർച്ചയ്ക്ക് ഇവിടെ ഒരുങ്ങുന്നില്ല.

1) ഭാഷാപരമായ തെററുകളിൽ പലതും പല തവണ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. പുതിയ കുർബാനയുടെ ഭാഷ മാത്രമല്ല, ശൈലിയും വികലമത്രെ. ഒട്ടും ഒഴുക്കില്ലാത്തതും വികൃതവും പരുക്കൻ രീതിയിലുള്ളതും, പലപ്പോഴും ദുർഗ്രാഹ്യവുമാണ് പുതിയ കുർബാനയുടെ ഭാഷയും ശൈലിയുമെന്ന്, അതൊരിക്കൽ ശ്രദ്

www.malankaralibrary.com



ധിച്ചിട്ടുള്ളവർക്കെല്ലാം മനസ്സിലാകും. ആരാധനാക്രമത്താ
ലെ ഭാഷ കഴിയുന്നത്ര ലളിതവും സുന്ദരവും ഒഴുക്കു
ള്ളതുമായിരിക്കാൻ എക്കാലത്തും സഭാധികാരികൾ ഏറെ
ശ്രദ്ധിച്ചിട്ടുള്ളതാണ്. എന്നാൽ ഈ കുർബാനയുടെ
കാര്യത്തിൽ എന്താണ് സംഭവിച്ചതെന്ന് ആർക്കുമറിഞ്ഞു
കൂടാ.

2) ഈ കുർബാനയിലെ പാട്ടുകൾ വളരെ അസു
ന്ദരങ്ങളാണ്. പഴയ സുറിയാനി രീതിയിൽ മാത്രമേ
പാട്ടുകൾ ആകാവൂ എന്നു നിർബന്ധമുള്ള ചിലരാണ്
ഈ ഗാനങ്ങൾ രചിച്ചതെന്നു വ്യക്തമല്ലേ്രത. ഏതോ സെ
മിനാരി വിദ്യാർത്ഥികളെക്കൊണ്ട് തല്ലിക്കൂട്ടിച്ച പാട്ടു
കളാകാം ഇവയെന്ന് ചിലർ പറയുന്നതു ശരിയാകാം.
ഫാ. ആബേലിന്റെ ഗാനങ്ങൾ കേട്ടു ശീലിച്ച കേരളീ
യർക്ക് ഈ പുതിയ പാട്ടുകൾ തികച്ചും അരോചകങ്ങ
ളായിത്തന്നെ അനുഭവപ്പെടും.

3) പുതിയ കുർബാന കാർമ്മികനെ സംബന്ധി
ച്ചിടത്തോളം കട്ടിയേറിയ ഒരു ശാരീരിക വ്യായാമംതന്നെ
യാണ്. ബേമയിലേക്ക്, പിന്നെ അൾത്താരയിലേക്ക്,
പിന്നെ അൾത്താരയുടെ ഇടതു വശത്തേക്ക്, വീണ്ടും
അൾത്താരയിലേക്ക്, പിന്നീട് അൾത്താരയുടെ വലതു
വശത്തേക്ക്. ഇങ്ങിനെ എത്ര തവണ ഏതെല്ലാം സ്ഥല
ങ്ങളിലൂടെ ചുററിക്കറങ്ങിയാണ് ഒരു വൈദികൻ ഈ
ബലി പൂർത്തിയാക്കുന്നത്. വൃദ്ധരും രോഗികളുമായ
വൈദികർപോലും, ഇന്നലെവരെ, നമ്മുടെ ദേവാലയങ്ങ
ളിൽ ബലിയർപ്പണം മുടക്കാതിരിക്കാൻ കഴിയുന്നത്ര
ശ്രദ്ധിച്ചിരുന്നു–അവരുടെ വിശ്വാസ തീക്ഷ്ണതയുടെ
പേരിൽ. ഇന്നാകട്ടെ, ബലിയർപ്പിക്കാൻ, പല വൈദി
കർക്കും, ശാരീരികമായിത്തന്നെ ബുദ്ധിമുട്ടാണ്.

4) കുർബാന സമയം മുഴുവൻ വിശ്വാസികൾ നി
ല്ക്കണമെന്നാണ് പുതിയ നിർദ്ദേശം. രോഗികളും
വൃദ്ധരുമൊന്നും ഈ കുർബാനയിൽ പങ്കെടുക്കരുത്
എന്നർത്ഥം !

www.malankaralibrary.com



5) അനാവശ്യങ്ങളും അർത്ഥശൂന്യങ്ങളുമായ നിരവധി കർമ്മവിധികളും ചലനങ്ങളും ആംഗ്യങ്ങളും നിറഞ്ഞതാണ് ഈ കുർബാന (റാസപോലെതന്നെ). കൽദായ പാരമ്പര്യത്തിന്റെ ഒരു സവിശേഷതയാണ് ഇതും.

6) കാഴ്ചവയ്പിന്റെ സമയത്ത് വിശ്വാസികളെല്ലാം, വൈദികനോടൊരുമിച്ച്, കാഴ്ചവയ്പു പ്രാർത്ഥന ചൊല്ലിയിരുന്ന സമ്പ്രദായം നിറുത്തലാക്കിയത്, നിർഭാഗ്യകരമാണ്. ദൈവശാസ്ത്രപരമായി കാഴ്ചവയ്പു പ്രാർത്ഥനയ്ക്കു വലിയ പ്രാധാന്യമില്ലെങ്കിലും, മനഃശാസ്ത്രപരമായി അതിനുണ്ടായിരുന്ന പ്രാധാന്യം എന്തിനാണാവോ ഇവർ അവഗണിച്ചത്?

7) കൂദാശാവചനങ്ങൾക്കുമുമ്പ്, അപ്പത്തെയും വീഞ്ഞിനെയും യേശുവിന്റെ തിരുശ്ശരീരരക്തങ്ങൾ എന്നു വിശേഷിപ്പിക്കുന്നത് വിശ്വാസികളിൽ ചിന്താകുഴപ്പം സൃഷ്ടിക്കാൻ മാത്രമേ ഉതകുകയുള്ളൂ. 'പ്രോലെപ്റ്റിക് തിയോളജി'യുടെ പേരിൽ നടത്തപ്പെടുന്ന ഈ അഭ്യാസം ഏതു സാധാരണക്കാരനാണ് മനസ്സിലാവുക? ഇങ്ങിനെയെങ്കിൽ പിന്നെ, കൂദാശാവചനങ്ങളുടെ ആവശ്യമെന്താണ്?

8) ദിവ്യബലി കുറെപ്പേർക്കു കാണാൻവേണ്ടിമാത്രം നടത്തുന്ന ഒരു കർമ്മമല്ലെങ്കിലും (It is not a spectacle) ജനങ്ങളുടെ ഭാഗഭാഗിത്വം കൂടുതൽ സജീവമാക്കാൻവേണ്ടി ബലിക്ക് കഴിയുന്നത്ര 'ദൃശ്യത' (Visibility) വേണമെന്ന് ഇപ്പോഴത്തെ പരിശുദ്ധ പിതാവുതന്നെ ദിവ്യബലിയെപ്പററിയുള്ള തന്റെ ചാക്രികലേഖനത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ നൂററാണ്ടുകളിൽ ദിവ്യബലി അർപ്പിച്ചിരുന്നത്, കുറെയൊക്കെ നിഗൂഢവും രഹസ്യവുമായ രീതികളിലാണ്. ഇന്നതിന്റെ ആവശ്യമില്ല. അതിനാൽ ദിവ്യബലിയിലെ പ്രധാന ഭാഗങ്ങൾ വിശ്വാസികൾക്ക് ദൃശ്യമായിരിക്കണം. വൈദികൻ ജനങ്ങൾക്കഭിമുഖമായിനിന്നു കുർബാന ചൊല്ലുന്നത് ഇക്കാരണത്താലാണ്. ലോകത്തിലൊട്ടാകെ, സൗകര്യത്തിന്റെ പേരിൽ

www.malankaralibrary.com



(ദൈവശാസ്ത്രപരമായ കാരണങ്ങളാലല്ല) സ്വീകരിച്ചു പോരുന്ന ഈ നിലപാടു വേണ്ടെന്നു വയ്ക്കാൻ ഇവിടെ ചിലർ ശ്രമിക്കുന്നത് കൽദായ സഭയുടെ തികച്ചും പഴഞ്ചനായ മനോഭാവങ്ങളെയും കാലഹരണപ്പെട്ട തിയോളജിയേയും ആദരിച്ചു മാത്രമാണ്. ദി.പ്യബലി സമയത്തു മദ്ബഹാ വിരിയിട്ടു മറയ്ക്കുക, തിരുശ്ശരീരരക്തങ്ങൾ എഴുന്നള്ളിച്ചുയർത്താതിരിക്കുക, കാഴ്ചവയ്പു രഹസ്യമായി നടത്തുക, പല പ്രാർത്ഥനകളും താഴ്ന്ന സ്വരത്തിൽ ചൊല്ലുക തുടങ്ങിയവയെല്ലാം വിശ്വാസികളോടുള്ള തികഞ്ഞ അവജ്ഞയും അവഗണനയും വെല്ലുവിളിയുമത്രെ.

9) വിശ്വാസികൾ കുടുംബങ്ങളിലും മററും സാധാരണ ചൊല്ലുന്നതും, ദീർഘനാളായി പരിചയിച്ചിട്ടുള്ളതുമായ ശ്ലീഹൻമാരുടെ വിശ്വാസപ്രമാണം, കുർബാനയിൽ സ്വീകാര്യമല്ലാത്തത്, എന്തു കാരണത്താലാണ്?

10) കൽദായ സഭയുമായി നാം ബന്ധപ്പെട്ടിരുന്ന കാലത്ത്, അവരുടെ നെസ്തോറിയൻ പാഷണ്ഡതയിലും നമ്മുടെ പൂർവ്വികർ പങ്കുകാരായി. ഉദയംപേരൂർ സൂനഹദോസിലൂടെയാണ് ഈ പാഷണ്ഡതയിൽനിന്നും നാം മുക്തരായത്. ക്രിസ്തുവിൽ രണ്ട് ആളുകൾ (ദൈവ-ആളും മനുഷ്യ-ആളും) ഉണ്ടെന്നാണല്ലോ നെസ്തോറിയൻ പാഷണ്ഡത പഠിപ്പിക്കുന്നത്. കൽദായവാദികൾക്ക് ഈ പാഷണ്ഡത ഇന്നു സ്വീകാര്യമാണെന്നത്രെ പല പ്രകാരത്തിലും തെളിഞ്ഞു വരുന്നത്. 1962-ലെ കുർബാനയിലും 1980-ലെ റാസക്രമത്തിലും 1989-ലെ കുർബാനക്രമത്തിലും നെസ്തോറിയൻ പാഷണ്ഡത സ്ഥലം പിടിച്ചിട്ടുണ്ട്. യേശു തന്റെ പിതാവിനു ബലി അർപ്പിക്കുന്നതായിട്ടാണ് വിശുദ്ധഗ്രന്ഥവും സഭയും നമ്മെ പഠിപ്പിക്കുന്നത് എബ്രായ. 9,14, ലൂക്കാ. 22,41-43, 1 പത്രോ. 2,5; എബ്രാ. 5,6-11 എന്നീ വിശുദ്ധഗ്രന്ഥ ഭാഗങ്ങൾ ഇതിനു തെളിവാണ്. ഇപ്പോഴത്തെ പരിശുദ്ധ പിതാവിന്റെ ഇടയലേഖനത്തിലും

www.malankaralibrary.com



ഇതുതന്നെ നമുക്കു കാണാം. (Holy Eucharist P. 27, P. 30 എന്നിവ പരിശോധിക്കുക). എങ്കിൽ ഈ കുർബാന ക്രമത്തിൽ ഈ അബദ്ധവും പാഷണ്ഡതയും എങ്ങിനെ കടന്നുകൂടി? പൗരസ്ത്യസംഘം ഈ അബദ്ധത്തിന് ഏതായാലും കൂട്ടുനില്ക്കുകയില്ലെന്ന് കാർഡിനൽ പാറേക്കാട്ടിൽ ദൃഢമായി വിശ്വസിച്ചിരുന്നു. തിരുസംഘത്തിലെ കൽദായ ലോബിയുടെ സ്വാധീനം എന്തുമാത്രം ശക്തമാണെന്ന് ഇതു തെളിയിക്കുന്നു.

11) ദൈവം എല്ലാവരുടേയും രക്ഷയാണ് ആഗ്രഹിക്കുന്നത്. യേശു എല്ലാവർക്കും വേണ്ടിയാണ് തന്റെ രക്തം ചിന്തി ബലിയർപ്പിച്ചത്. എന്നാൽ കൽദായപക്ഷക്കാർക്ക് ഇതു സ്വീകാര്യമല്ല. എല്ലാവരും രക്ഷപ്പെട്ടാൽ, കൽദായർക്ക് എന്തു പ്രത്യേകതയാണുള്ളത്? അതിനാൽ 'അനേകർക്കുവേണ്ടി' എന്ന പ്രയോഗമാണ് കൂദാശവചനങ്ങളിൽ കൽദായപക്ഷക്കാർ ഇഷ്ടപ്പെടുന്നത്. പുതിയ കുർബാനയിലെ ഈ പ്രായാഗം തികച്ചും അസ്വീകാര്യമായ ഒന്നാണെന്ന്, എത്രയോതവണ, പല വിദഗ്ധരും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്? ലത്തീൻ കുർബാനയിൽ 'സകലർക്കും വേണ്ടി' എന്നുതന്നെയാണ് ചൊല്ലുന്നതും. 'ലത്തീൻ വിരോധം' കൽദായപക്ഷത്തിന്റെ മുഖമുദ്രയാണല്ലൊ. 'സകലർക്കും വേണ്ടി' എന്ന പ്രയോഗമാണ് ശരിയെന്നു മനസ്സിലാക്കാൻ താഴെകാണുന്ന വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ ഉപകരിക്കും: റോമാ 3,23; 8,32; 2 കൊറി 5,14; 2 പത്രോ 3,9; 1 തിമോ 2,6; യോഹ 1,29; 3, 16-17.

12) കുർബാനയിൽ യേശു യഥാർത്ഥമായി സന്നിഹിതനാകുന്നുണ്ട് എന്ന വിശ്വാസസത്യത്തെ കൽദായപക്ഷക്കാരായ പലരും നിഷേധിക്കുന്നുണ്ട്. കുർബാനയിൽ യേശുവിന്റെ സാന്നിദ്ധ്യം വെറുമൊരു പ്രതീകം മാത്രമാണെന്ന് അവരിൽ ചിലർ വാദിക്കുന്നു. ഇനിയുമൊരു കൂട്ടർ യേശു കുർബാനയിൽ സന്നിഹിതനാകുന്നത്, കൂദാശവചനങ്ങൾ വഴിയല്ലെന്നും, റൂഹാക്ഷണപ്രാർത്ഥനയിലൂടെയാണെന്നും വാദിക്കുന്നു. ഈ രണ്ടു ചിന്താഗതി

www.malankaralibrary.com



ക്കാരേയും തൃപ്തിപ്പെടുത്താനാകണം, പുതിയ കുർബാനയിൽ, യേശുവിന്റെ തിരുശ്ശരീര രക്തങ്ങൾ, ചില വൈദികർ എഴുന്നള്ളിച്ച് ഉയർത്താത്തതും, മററുചിലർ അവ സ്വകരങ്ങൾകൊണ്ടു് സ്പർശിക്കപോലും ചെയ്യാത്തതും! ദിവ്യബലിയിൽ സംബന്ധിക്കുന്ന വിശ്വാസികളെ അങ്ങേയററം നിരാശരാക്കുന്ന ഇത്തരം സമ്പ്രദായങ്ങൾ, കൽദായപക്ഷത്തിന്റെ ദൈവജനവിരോധം വിളിച്ചറിയിക്കുന്നവയത്രെ.

ഇത്രക്കും ക്രമക്കേടുകളും വൈകല്യങ്ങളും അബദ്ധങ്ങളും നിറഞ്ഞ ഒരു കുർബാനക്രമത്തിനെതിരായി ഒരു പ്രതിഷേധവും നടത്തരുതെന്ന് ആരെങ്കിലും പറയുമോ?

## 9. ഭീകരവാഴ്ചയോ ?

ഞങ്ങൾ നിങ്ങളുടെ വിശ്വാസകാര്യങ്ങളിൽ സ്വേച്ഛാധിപതികളേപ്പോലെ പ്രവർത്തിക്കുന്നവരല്ല, പ്രത്യുത, നിങ്ങളുടെ സഹപ്രവർത്തകരാണ് (2 കൊറി 1,24) എന്നത്രെ സെൻറ് പോൾ പറഞ്ഞിട്ടുള്ളത്. വിശ്വാസികളുടെ സമൂഹം സ്നേഹത്തിൽ അധിഷ്ഠിതമാണ്. അവിടെ സ്വേച്ഛാധിപത്യത്തിനും ഭീകരവാഴ്ചക്കും തോന്ന്യാസങ്ങൾക്കും അധികാര പ്രമത്തതയ്ക്കും സ്ഥാനമില്ല ഇതൊക്കെ എല്ലാ കത്തോലിക്കരും-അതിനാൽ സഭാധികാരികളും-അംഗീകരിക്കുന്ന കാര്യങ്ങളാണ്. എന്നാൽ, നമ്മുടെ ആരാധനക്രമത്തിൽ കൗൺസിൽ പ്രബോധനങ്ങൾക്കനുസൃതമായി നവീകരണം നടക്കണമെന്നു വാദിക്കുന്ന വ്യക്തികൾക്കും പത്രമാസികകൾക്കും പിൻവാതിലിലൂടെ മുടക്കുകല്പിക്കുകയും പുനരുദ്ധാരണം മാത്രംമതി എന്നു വാദിക്കുന്നവർക്കു എല്ലാവിധ ഒത്താശകളും

www.malankaralibrary.com



ചെയ്തുകൊടുക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇവിടെ സംജാതമായിരിക്കുന്നത്. അടിസ്ഥാനപരമായ മനുഷ്യാവകാശംപോലും ഇവിടെ നിഷേധിക്കപ്പെടുന്നു! കൽദായപക്ഷക്കാരായ ചില മെത്രാന്മാർ ഇന്നു തങ്ങളുടെ രൂപതകളിൽ, ഒരുതരം ഭീകരവാഴ്ച അഴിച്ചുവിട്ടിരിക്കുന്നത് എന്തിനുവേണ്ടിയായിരിക്കും? കൽദായപക്ഷക്കാരെ 'കൽദായ ഭീകരർ' എന്ന്, 'ഓശാന'യുടെ പത്രാധിപർ ഒരിക്കൽ വിശേഷിപ്പിച്ചത്, സഹോദരസ്നേഹത്തിന് ചേർന്നതല്ലായിരിക്കാം. പക്ഷെ യാഥാർത്ഥ്യം അങ്ങിനെയാണെന്നു തെളിഞ്ഞാൽ നാമെന്തു ചെയ്യും? ചില രൂപതകളിലെ ഇടവകകളിൽ, വൈദികർ എങ്ങിനെ കുർബാന ചൊല്ലുന്നു എന്ന വിവരം അപ്പപ്പോൾ രൂപതയിലെ മെത്രാന്, റിപ്പോർട്ട് ചെയ്യാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടത്രെ. റോമിൽനിന്നും അനുവദിച്ചിട്ടുള്ള ഐച്ഛികങ്ങൾ (Options) തങ്ങളുടെ രൂപതകളിലെ വൈദ കർക്കു നിഷേധിക്കുന്ന മെത്രാന്മാർ സ്വേച്ഛാധിപതികളല്ലേ? പുതിയ കുർബാനക്രമം നടപ്പിലാക്കാത്തവർക്ക് ശിക്ഷണപരമായ സ്ഥലം മാററങ്ങളും മററും നൽകുന്ന അധികാരികളുടെ മനോഭാവം എന്തിനെയാണു പ്രതിഫലിപ്പിക്കുക? റോമിൽനിന്നും പുതിയ കുർബാനയ്ക്ക് അനുവദിച്ചിരിക്കുന്ന ആനുകൂല്യങ്ങളെല്ലാം ഉടനെ എടുത്തുകളയണമെന്നഭ്യർത്ഥിക്കാൻ ഒരു മെത്രാനെങ്കിലും റോമിനെ സമീപിച്ചു എന്ന വാർത്ത ശരിയായിരിക്കുമോ? വൈദികരെ സ്വാധീനിക്കാൻ ബിഷപ്പുമാർക്ക് എപ്പോഴും സാദ്ധ്യമല്ലായിരിക്കാം. എന്നാൽ കന്യാസ്ത്രീ മഠങ്ങളിൽ നിരന്തരം കയറിയിറങ്ങി അവിടങ്ങളിൽ പുതിയ കുർബാന (ചിലപ്പോൾ റാസതന്നെ) ചൊല്ലുകയും, കന്യാസ്ത്രീകൾക്ക് പുതിയ കുർബാനയെപ്പററി 'ഉപദേശം' നൽകുകയും ചെയ്യുന്ന സഭാധികാരികൾ, ഇത്തരം കാര്യങ്ങളിൽ സ്വേച്ഛാധിപതികളായിത്തന്നെയല്ലേ പ്രവർത്തിക്കുന്നത്? അൽമായരേ സംബന്ധിച്ചിടത്തോളം കൽദായീകരണം കുർബാനക്രമത്തിൽ മാത്രമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കാനോന നമസ്ക്കാരവും

www.malankaralibrary.com



അടുത്തകാലത്തു കൽദായീകരിച്ചു വികൃതമാക്കി ചില സന്ന്യാസഭവനങ്ങളിലെങ്കിലും നടപ്പിലാക്കാൻ കൽദായപക്ഷത്തിനു കഴിഞ്ഞിട്ടുണ്ട്. ഈ ഭീകരവാഴ്ച ഇവിടെ ശക്തിയാർജ്ജിക്കാനാണ് ഇനിയും സാദ്ധ്യത. സമീപകാലത്ത് ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷൻ സിസ്റ്റേഴ്സിനു അയച്ച ഒരു രഹസ്യ സർക്കുലറിലെ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കുക:

1) കന്യാകാലയങ്ങളിൽ ബലി അർപ്പിക്കാനെത്തുന്ന വൈദികർ കൽദായ കുർബാനയിലെ അനുഷ്ഠാനവിധികൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്നു നിരീക്ഷിക്കണമെന്നും മറിച്ചു പ്രവർത്തിക്കുന്നവരെ തുടർന്നു ബലി അർപ്പിക്കാൻ അനുവദിക്കരുതെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

2) മററു സ്ഥലങ്ങളിൽ നടക്കുന്ന സെമിനാറുകളിൽ സിസ്റ്റേഴ്സ് സംബന്ധിക്കരുതെന്നും ചങ്ങനാശ്ശേരിയിൽ തന്നെ നടത്തുന്ന സെമിനാറുകൾക്കും ധ്യാനത്തിനും അതിരൂപതയിൽ നിന്നു നൽകിയിട്ടുള്ള പാനലിലെ അംഗങ്ങളെ മാത്രമേ ക്ഷണിക്കാവൂ എന്നും പ്രത്യേകം നിഷ്കർഷ വച്ചിരിക്കുന്നു. റഷ്യയിൽ നിലവിലിരുന്നതും അടുത്ത കാലത്ത് തിരോധാനം ചെയ്തതുമായ മസ്തിഷ്ക ക്ഷാളന പ്രക്രിയ കേരളസഭയിൽ പുനർജന്മമെടുക്കുന്നുവെന്നല്ലേ ഇതു തെളിയിക്കുന്നത്!

www.malankaralibrary.com

# 10. നാമെന്തുചെയ്യണം ?

കൽദായീകരണം സീറോ-മലബാർ സഭയെ നേരിടുന്ന ഏറ്റവും വലിയ ഭീഷണിയും വിപത്തുമാണ് എന്ന കാര്യം ഇതിനകം വായനക്കാർക്ക് ബോദ്ധ്യപ്പെട്ടിരിക്കുമല്ലോ. ഈ വിപത്തിനെതിരെ ശക്തമായ നീക്കങ്ങൾ നടത്താനും, പ്രവർത്തനപരിപാടികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കാനും വേണ്ടിയാണ്, "സീറോ-മലബാർ ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റി' ഇവിടെ രൂപംകൊണ്ടിരിക്കുന്നത്. സീറോ-മലബാർ സഭയിലെ എല്ലാ രൂപതകളിലും നിന്നുമുള്ള, വൈദികരും അവൈദികരുമായ നാല്പതോളംപേർ, ഈ കമ്മിറ്റിയിൽ അംഗങ്ങളാണ്. കമ്മിറ്റിയുടെ പ്രധാന ലക്ഷ്യം പുതിയ കുർബാനക്രമത്തെ എതിർക്കുക എന്നതല്ലാ, പ്രത്യുത, കൽദായീകരണശ്രമങ്ങളെ മുഴുവനായി എതിർക്കുക എന്നതത്രേ. ഈ പരിപാടി നിഷേധാത്മകമാണ്. അതോടൊപ്പം ഈ കമ്മിറ്റിക്ക് സൃഷ്ടിപരമായ മറ്റൊരു ലക്ഷ്യവുമുണ്ട്. സീറോ-മലബാർ സഭയുടെ വ്യക്തിത്വവും തനിമയും പ്രകടമാക്കുന്നതും, ഭാരതീയ സംസ്ക്കാരത്തിനനുരൂപവുമായ ഒരാരാധനക്രമം ഇവിടെ നടപ്പിലാക്കാൻ അധികാരികളെ പ്രേരിപ്പിക്കുക എന്നതത്രേ ഈ ലക്ഷ്യം. ഈ ദ്വിമുഖപരിപാടിയുടെ വിശദാംശങ്ങളിലേക്ക് ഇവിടെ കടക്കുന്നില്ല. യഥാസമയം ഇക്കാര്യങ്ങൾ ഇവിടത്തെ ദൈവജനത്തെ അറിയിക്കാൻ ഞങ്ങൾ ശ്രമിക്കുന്നതാണ്.

www.malankaralibrary.com

# ഉപസംഹാരം

കൽദായപക്ഷത്തിൻെറ ഇവിടത്തെ പ്രവർത്തനങ്ങറം, കൽദായരീതിയിലുള്ള ആരാധനക്രമത്തെ മാത്രമല്ല ലക്ഷ്യമിട്ടിരിക്കുന്നത്. ആത്യന്തികമായി അവരുടെ ലക്ഷ്യം സീറോ-മലബാർ സഭക്ക് ഒരു പാത്രിയർക്കീസിനെ ലഭിക്കുക എന്നതുകൂടിയാണ്. മാർപാപ്പാ കഴിഞ്ഞാൽ സഭയിൽ ഏററവും കൂടുതൽ അധികാരവും പദവിയും പ്രശസ്തിയുമുള്ള സ്ഥാനമാണ് പാത്രിയർക്കീസിൻേറത്. കൽദായീകരണത്തിൻെറ ഈ ആദ്യഘട്ടത്തിൽ തന്നെ, തങ്ങളുടെ രൂപതകളുടെമേൽ സ്വേച്ഛാധിപതികളേപ്പോലെ ഭരണം നടത്താൻ തുടങ്ങിയിരിക്കുന്ന കൽദായവാദികളായ മെത്രാൻമാരിലാരെങ്കിലും, ഭാവിയിൽ ഇവിടത്തെ പാത്രിയർക്കീസായാൽ ഉളവാകുന്ന ഭവിഷ്യത്തുകളേപ്പററി ചിന്തിച്ചുനോക്കുക. ഒരു സഭയുടെ ഐക്യത്തിനും കെട്ടുറപ്പിനും പ്രശസ്തിക്കും ക്ഷേമത്തിനും വളരെ ഉപകരിക്കുന്നതാണ് പാത്രിയർക്കീസ് ഭരണം. എന്നാൽ ഇവിടത്തെ സഭയിൽ പിളർപ്പും അനൈക്യവും സൃഷ്ടിച്ച്, ജനങ്ങളേയും ഹയരാർക്കിയേയും തമ്മിൽ പരസ്പരം അകററി, പാഷണ്ഡതകളും അബദ്ധാഭിപ്രായങ്ങളും ഒരു കൂസലുമില്ലാതെ പ്രചരിപ്പിച്ച്, എങ്ങിനെയും പാത്രിയർക്കീസ് സ്ഥാനത്ത് എത്തിച്ചേരാൻ ശ്രമം നടത്തുന്ന സഭാധികാരികളുടെ കരങ്ങളിൽ, സീറോ-മലബാർ സഭയുടെ ഭാവി സുരക്ഷിതമായിരിക്കുമോ?

ഇതെല്ലാം നോക്കുമ്പോറം കേരളത്തിലെ സീറോ-മലബാർ സഭ വലിയൊരു പ്രതിസന്ധിഘട്ടത്തിലാണെന്ന് എളുപ്പത്തിൽ മനസ്സിലാക്കാം. നമ്മുടെ ദൈവജനവും ഹയരാർക്കിയും, ഒന്നിച്ച്, ഒററക്കെട്ടായിനിന്ന്, ഇവിടത്തെ കൽദായപക്ഷത്തിൻെറ നീക്കങ്ങളെ പരാജയപ്പെടുത്തണം. അതിനായി നമുക്കു പരിശ്രമിക്കാം, പ്രാർത്ഥിക്കാം.